# فضل المدينة

وآداب سكناها وزيارتها

# മദീനയുടെ ശ്രേഷ്ഠത

അബ്ദുൽ മുഹ്സിൻ അബ്ബാദ് അൽ ബദ്ർ

# മദീനയുടെ ശ്രേഷ്ഠത

വിവർത്തനം:
നൗഷാദ് ബിൻ മുഹമ്മദ്, മുബാറക് ബിൻ അലവി


DA'WA BOOKS
P.B No: 1981, Vyttila, Cochin - 19



DA'WA BOOKS

Malayalam | Study | Madeenayude sreshtatha
മദീനയുടെ ശ്രേഷ്ഠത
Author : Abdul Muhsin Abbad Al Badr
Translators : Noushad bin Muhammed, Mubarak bin Alavi
First Edition : September 2008
Second Edition : April 2014

**Price: Rs. 30.00**

Publisher | Distribution
Da'wa Books | Vyttila | Kochi - 19 | Kerala | India
Web: www.dawabooks.in | Email: dawabook@gmail.com
Cover : Irshad | Type Setting : Creative Media | Printing : Anaswara Offset, Kochi
ISBN: 978-93-82581-40-6



All rights reserved. No part of this work may be reproduced or utilised in any form or by any means without the prior written permission of the publishers.

അന്താരാഷ്ട്ര നിലവാരത്തിൽ മലയാള പുസ്തകങ്ങൾ പുറത്തിറക്കുകയും പ്രസക്തമായ വിവിധ ഭാഷാഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി പ്രസിദ്ധീകരിക്കുകയും അന്താരാഷ്ട്ര സമൂഹത്തിന് പരിചയപ്പെടുത്തേണ്ട മലയാള കൃതികൾ മറ്റു ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച 'ദഅ്‌വാ ബുക്സ്' ശ്രദ്ധേയവും വ്യതിരിക്തവുമായ പുസ്തകങ്ങൾ പുറത്തിറക്കിക്കൊണ്ട് ഇതിനകം തന്നെ പുസ്തക പ്രസാധന രംഗത്ത് സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിട്ടുണ്ട്, الحمد لله.

വിശുദ്ധ ഖുർആനും തിരുസുന്നത്തുമാകുന്ന ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ, പ്രവാചകന്റെ ﷺ പ്രത്യേകമായ അംഗീകാരത്തിന് വിധേയമായ ആദിമ തലമുറക്കാർ മനസ്സിലാക്കിയതുപോലെ മനസ്സിലാക്കണമെന്ന അഹ്‌ലുസുന്നത്തി വൽ ജമാഅത്തിന്റെ രീതിശാസ്ത്രത്തിൽ ഗ്രന്ഥരചന നടത്തിയിട്ടുള്ള പണ്ഡിതൻമാരുടെ പുസ്തകങ്ങളാണ് പ്രധാനമായും ദഅ്‌വ ബുക്സ് പുറത്തിറക്കുന്നത്. ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങളിലേക്ക് ക്ഷണിക്കുകയല്ല, പ്രമാണബദ്ധമായി കാര്യങ്ങളെ വിലയിരുത്തുകയും മനസ്സിലാക്കുകയും ചെയ്യുന്നതിലേക്ക് നയിക്കുകയാണ് ഇത്തരം ഗ്രന്ഥങ്ങൾ പുറത്തിറക്കുമ്പോൾ 'ദഅ്‌വ ബുക്സ്' ഉദ്ദേശിക്കുന്നത്. ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങൾ ദഅ്‌വാ ബുക്സിന്റെ അഭിപ്രായങ്ങളല്ലെന്നർത്ഥം.

മദീനത്തുർറസൂൽ...! റസൂൽ ﷺ യുടെ പട്ടണം. ഈമാനിന്റെ അഭയകേന്ദ്രം. മുഹാജിറുകളെ സ്വീകരിച്ച നാട്. ഇസ്‌ലാമിന്റെ പ്രകാശം പരത്തിയ സ്ഥലം... ഇസ്‌ലാമിക ചരിത്രത്തിൽ നിരവധി പ്രത്യേകതകളുള്ള നാടാണ് മദീന. മദീനയുടെ ശ്രേഷ്ടത, സിയാറത്ത്, മദീനയിൽ താമസിക്കുന്നവർ പാലിക്കേണ്ട മര്യാദകൾ മദീനയുമായി ബന്ധപ്പെട്ട് നടക്കുന്ന അനാചാരങ്ങൾ തുടങ്ങിയ കാര്യങ്ങൾ വിശദീകരിക്കുന്ന ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദ് അൽ ബദ്റിന്റെ *ഫദ്‌ലുൽ മദീന വ ആദാബു സക്നുഹാ വ സിയാറതഹാ* എന്ന കൃതിയുടെ മലയാള പരിഭാഷയാണിത്. മദീന ഇസ്‌ലാമിക യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളായ നൗഷാദ് ബിൻ മുഹമ്മദ്, മുബാറക് ബിൻ അലവി എന്നിവരാണ് ഭാഷാന്തരം നിർവഹിച്ചിരിക്കുന്നത്.

നാഥാ. . . . നീ ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ)

**മാനേജർ**

# താളുകളിൽ

സന്ദേശം
11

ആമുഖം
13

മദീനയുടെ ശ്രേഷ്ഠതകൾ
17

ഈ അനുഗൃഹീത പള്ളിയുമായി ബന്ധപ്പെട്ട്
ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
25

മദീനയിൽ താമസിക്കാൻ ഭാഗ്യം ലഭിച്ചവരോട്
31

മദീനാ സന്ദർശനത്തിന്റെ മര്യാദകൾ
39

ഹജ്ജ്-ഉംറ-സിയാറത്ത്
54

# സന്ദേശം

بسم الله الرحمن الرحيم

الحمد لله والصلاة والسلام على رسول الله – صلى الله عليه وسلم – وبعد

മുപ്പത് മില്യനിലധികം വരുന്ന ജനങ്ങൾ സംസാരിക്കുന്ന ഇന്ത്യൻ ഔദ്യോഗിക ഭാഷകളിലൊന്നായ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട, ബഹുവന്ദ്യ ഗുരുനാഥൻ അബ്ദുൽ മുഹ്സിൻ അബ്ബാദ് حفظه الله രചിച്ച 'ഫദ്ലുൽ മദീന' (മദീനയുടെ ശ്രേഷ്ഠത) എന്ന പുസ്തകം ഞാൻ പരിശോധിച്ചു. ഇത് വിവർത്തനം ചെയ്തത് സഹോദരങ്ങളായ നൗഷാദ് ബിൻ മുഹമ്മദ്, മുബാറക് ബിൻ അലവി എന്നിവരാണ്.

പരിഭാഷ തെറ്റുകളിൽ നിന്ന് മുക്തവും, എളുപ്പമുള്ള ശൈലിയും, മൂലഗ്രന്ഥത്തോട് യോജിക്കുന്നതുമാണ്. വേഗത്തിൽ ആശയം ഉൾകൊള്ളാനും മനസ്സിലാക്കാനും വേണ്ടി, ഓരോ വിഷയത്തിന് മുമ്പിലും പരിഭാഷകർ ചില തലക്കെട്ടുകൾ നൽകിയിട്ടുണ്ട്. പരിഭാഷ പ്രസിദ്ധീകരണത്തിനും വിതരണത്തിനും കൊള്ളുന്നതാണ്. രചയിതാവ് ബഹുവദ്ധ്യ പണ്ഡിതനും, വിവർത്തകർക്കും അവരുടെ പ്രയത്നത്തിന് അല്ലാഹു നന്മ പ്രതിഫലം നൽകട്ടെ.

ഇത് ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ഉപകാരപ്രദമാകട്ടെ.

ഡോ. മുഹമ്മദ് അശ്റഫ് മലൈബാരി
ഗവേഷകൻ, ഖുർആൻ പഠന കേന്ദ്രം
കിംഗ് ഫഹദ് ഖുർആൻ പ്രിന്റിംഗ് പ്രസ്സ്
മദീന മുനവ്വറ

بسم الله الرحمن الرحيم

# ആമുഖം

സർവ്വസ്തുതിയും അല്ലാഹുവിനാകുന്നു. അവനെ വാഴ്ത്തുകയും അവനോട് മാത്രം സഹായം തേടുകയും അവനോട് മാത്രം പാപമോചനം തേടുകയും എല്ലാവിധ ദൂഷ്യങ്ങളിൽ നിന്നും മോശപ്പെട്ട പ്രവർത്തനങ്ങളിൽ നിന്നും അല്ലാഹുവിനോട് രക്ഷതേടുകയും ചെയ്യുന്നു. അവൻ സന്മാർഗത്തിലാക്കിയവരെ പിഴപ്പിക്കാനാർക്കും സാധ്യമല്ല. അവൻ പിഴവിലാക്കിയവരെ നേർമാർഗത്തിലാക്കുവാനും ആരുമില്ല. ഏകനായ അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലെന്നും അവന് യാതൊരു പങ്കുകാരില്ലെന്നും മുഹമ്മദ് അവന്റെ അടിമയും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അദ്ദേഹം അല്ലാഹുവിന്റെ ഖലീലും അവന്റെ സൃഷ്ടികളിൽ ഏറ്റവും ഉത്തമനുമാകുന്നു. അന്ത്യസമയത്തിനു മുമ്പായി സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനും അല്ലാഹുവിന്റെ ഉത്തരവ് അനുസരിച്ച് അവങ്കലേക്ക് ക്ഷണിക്കുന്നവനും പ്രകാശം നൽകുന്ന ഒരു വിളക്കുമായി അല്ലാഹു അദ്ദേഹത്തെ നിയോഗിച്ചു. എല്ലാ നന്മയിലേക്കും തന്റെ സമുദായത്തെ വഴികാണിക്കുകയും എല്ലാ തിന്മകളിൽ നിന്നും താക്കീത് നൽകുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തിനും കുടുംബത്തിനും അനുചരന്മാർക്കും അന്ത്യനാൾ വരെ അദ്ദേഹത്തിന്റെ പാത സ്വീകരിക്കുകയും ചര്യ പിൻപറ്റുകയും ചെയ്യുന്നവർക്കും അവന്റെ കരുണാകടാക്ഷങ്ങൾ ചൊരിഞ്ഞ് അനുഗ്രഹിക്കുമാറാകട്ടെ...

ആദരണീയനായ റസൂൽ ﷺയുടെ പട്ടണം, പരിശുദ്ധമായ ത്വയ്ബ എന്ന്പേരുള്ള, വഹ്യ് ഇറങ്ങിയ സ്ഥലം.



റസൂലിന്റെ അടുക്കൽ വിശ്വസ്തനായ ജിബ്രീൽ ഇറങ്ങിയ സ്ഥലം. ഈമാനിന്റെ അഭയകേന്ദ്രം. മുഹാജിറുകളും അൻസ്വാറുകളും കണ്ടുമുട്ടിയ സ്ഥലം. മുഹാജിറുകൾക്ക് വാസസ്ഥലവും വിശ്വാസവും സജ്ജീകരിച്ചവരുടെ നാട്. മുസ്ലിംകളുടെ ഒന്നാമത്തെ തലസ്ഥാനം. അവിടെയാണ് അല്ലാഹുവിന്റെ മാർഗത്തിൽ ധർമ്മസമരത്തിന്റെ പതാക കെട്ടിയത്. അങ്ങനെ ഇരുളിൽ നിന്നും വെളിച്ചത്തിലേക്ക് ജനങ്ങളെ കൊണ്ടുവരാനുള്ള സത്യത്തിന്റെ ചെറുസംഘങ്ങൾ പുറപ്പെട്ടു. അവിടെ നിന്ന് പ്രകാശം പരക്കുകയും സന്മാർഗത്തിന്റെ വെളിച്ചത്താൽ ഭൂമി പ്രകാശിക്കുകയും ചെയ്തു. അത് നബിﷺയുടെ പാലായനത്തിന്റെ നാടാണ്. അവിടേക്കാണ് തിരുമേനി പാലായനം ചെയ്തത്. അവിടെയാണ് അവസാനകാലം വരെ ജീവിച്ചതും മരണപ്പെട്ടതും ഖബറടക്കപ്പെട്ടതും. അവിടെ നിന്നാണ് ഉയർത്തെഴുന്നേൽപ്പിക്കപ്പെടുന്നതും. ഖിയാമത്തു നാളിൽ ആദ്യമായി പൊട്ടിപ്പിളരുന്നത് തിരുമേനിയുടെ ഖബറായിരിക്കും. പ്രവാചകന്മാരുടെ ഖബറുകളുടെ കൂട്ടത്തിൽ തിരുമേനിയുടെ ഖബറിടമല്ലാതെ മറ്റൊരാളുടെയും ഖബ്റിടം ഉറപ്പുവരുത്താൻ സാധ്യമല്ല.

അനുഗൃഹീതമായ ഈ മദീനയെ അല്ലാഹു ശ്രേഷ്ടമാക്കുകയും മക്കയ്ക്ക് ശേഷമുള്ള ഉത്തമമായ പുണ്യസ്ഥലമാക്കി മാറ്റുകയും ചെയ്തു. മദീനയെക്കാൾ മക്കയുടെ ശ്രേഷ്ടത അറിയിക്കുന്ന റസൂൽ ﷺയുടെ വചനം കാണുക. സത്യനിഷേധികൾ അവിടെ നിന്ന് തിരുമേനിയെ പുറത്താക്കുകയും മദീനയിലേക്ക് പാലായനം ചെയ്യുകയും ചെയ്തപ്പോൾ മക്കയെ നോക്കിക്കൊണ്ട് റസൂൽ ﷺ പറഞ്ഞു:

«والله إنك لخير أرض الله، وأحب أرض الله إلى الله، ولولا أني أخرجت منك ماخرجت»

“അല്ലാഹു തന്നെയാണ് സത്യം, തീർച്ചയായും നീ അല്ലാഹുവിന്റെ ഭൂമിയിൽ വെച്ച് ഏറ്റവും ഉത്തമമായ ഭൂമിയാണ്, അല്ലാഹുവിന്റെ ഭൂമിയിൽ വെച്ച് അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട ഭൂമിയുമാണ്. എന്നെ നിന്നിൽ നിന്ന് പുറത്താക്കപ്പെട്ടിട്ടില്ലെങ്കിൽ ഞാൻ പുറത്തിറങ്ങുമായിരുന്നില്ല.” (തുർമുദി, ഇബ്നുമാജ) ഇത് സ്വഹീഹായ ഹദീഥാണ്.

എന്നാൽ റസൂൽ ﷺയിലേക്ക് ചേർത്തിപ്പറയുന്ന ഒരു ഹദീഥ്, അതായത് പ്രവാചകൻﷺ പ്രാർത്ഥിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു:

«اللّهمّ إنّكَ أخْرجْتني من أحبِّ البلاد إليِ – يعني مكة – فأسْكنّي في أحَبِّ البلادِ إليكَ – يعنِي المدينة–»

“അല്ലാഹുവേ, എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പ്രദേശത്തുനിന്ന് - അതായത് മക്കയിൽ നിന്ന് - നീ എന്നെ പുറത്താക്കി. എന്നാൽ നിനക്ക് ഏറ്റവും പ്രിയപ്പെട്ട നാട്ടിൽ - അതായത് മദീനയിൽ - എന്നെ നീ വസിപ്പിക്കേണമേ.” ഇത് കെട്ടിയുണ്ടാക്കപ്പെട്ട ഒരു ഹദീഥാണ്(മൗളൂഅ്). ഇതിന്റെ ആശയം ശരിയല്ല. എന്തെന്നാൽ ഇതിൽ നിന്ന് മനസ്സിലാകുന്നത് അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ളതല്ല റസൂലിന് ഏറ്റവും ഇഷ്ടമുള്ളത്, റസൂലിന് ഏറ്റവും ഇഷ്ടമുള്ളതല്ല അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ളത് എന്നാണ്. യഥാർത്ഥത്തിൽ റസൂൽ ﷺ യുടെ ഇഷ്ടം അല്ലാഹുവിന്റെ ഇഷ്ടത്തെ ആശ്രയിച്ചാണ്. അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ളതും റസൂലിന് ഏറ്റവും ഇഷ്ടമുള്ളതും രണ്ടും വ്യത്യസ്തമല്ല.

ഈ അനുഗൃഹീത മദീനയുടെ ശ്രേഷ്ഠതയെകുറിച്ചും അവിടെ സന്ദർശിക്കുന്നതിന്റെയും അവിടെ താമസിക്കുന്നതിന്റെയും മര്യാദകളെകുറിച്ചും വിശീദകരിക്കുന്ന ഈ പുസ്തകം എഴുതാൻ ഞാൻ തീരുമാനിക്കുകയുണ്ടായി.

മദീനയുടെ ശ്രേഷ്ഠതകളിൽ നിന്നും, അവിടെ താമസിക്കുന്നതിന്റെയും സന്ദർശിക്കുന്നതിന്റെയും മര്യാദകളിൽ നിന്നും ചിലത് ഞാൻ ഇതിൽ വിവരിക്കാം.

# മദീനയുടെ ശ്രേഷ്ഠതകൾ

## ഹറം അഥവാ പവിത്രസ്ഥലം

അല്ലാഹു മക്കയെ സുരക്ഷിതവും പവിത്രവും ആക്കിയതു പോലെ മദീനയെയും സുരക്ഷിതവും പവിത്രവുമാക്കി എന്നത് ഈ അനുഗൃഹീത മദീനയുടെ ശ്രേഷ്ഠതകളിൽപെട്ടതാണ്. നബി ﷺ പറയുന്നു:

«إنّ إبراهيمَ حرّم مكّة، وإنّي حرّمتُ المدينة»

"ഇബ്രാഹീം عليه السلام മക്കയെ ഹറമാക്കി മാറ്റി, ഞാൻ മദീനയെയും ഹറമാക്കി മാറ്റി." (മുസ്‌ലിം)

ഇവിടെ ഇബ്രാഹീം നബി عليه السلام യും മുഹമ്മദ് നബി ﷺ യും പവിത്രമാക്കി (ഹറമാക്കി) എന്നത് കൊണ്ടുള്ള ഉദ്ദേശ്യം അതിന്റെ പവിത്രത വ്യക്തമാക്കൽ മാത്രമാണ്. യഥാർത്ഥത്തിൽ പവിത്രത നൽകുന്നത് അല്ലാഹുവാണ്. അവനാണ് മക്കയെയും മദീനയെയും പവിത്രമാക്കിയത്.

പവിത്രത എന്നത് മറ്റൊരു നാടിനും നൽകാതെ ഈ രണ്ടു നാടുകൾക്ക് പ്രത്യേകമായി അല്ലാഹു നൽകിയ വിശേഷണമാണ്.

മക്ക-മദീനയല്ലാത്ത മറ്റൊരു നാടിനും പവിത്രത നൽകപ്പെട്ടതായി സ്ഥിരീകരിക്കപ്പെട്ട യാതൊരു തെളിവുമില്ല. എന്നാൽ അധികം ജനങ്ങളുടെയുമിടയിൽ വ്യാപകമായ ഒരു അബദ്ധ



ധാരണയാണ് 'മസ്ജിദുൽ അഖ്സ' മൂന്നാമത്തെ ഹറമാണ് എന്നുള്ളത്. യഥാർത്ഥത്തിൽ മൂന്നാമതൊരു ഹറം തന്നെയില്ല.

എന്നാൽ ശരിയായിട്ടുള്ളത് ഇങ്ങനെ പറയലാണ്: അത് മഹത്വപൂർണവും ആദരണീയവുമായ പള്ളികളിൽ മൂന്നാമത്തേതാണ്. ഈ മൂന്ന് പള്ളികളെക്കുറിച്ചും അവയുടെ ശ്രേഷ്ഠതയെക്കുറിച്ചും നബി ﷺ പറഞ്ഞത് ഇപ്രകാരമാണ്:

لا تشدُّ الرِّحال إلاّ إلى ثلاثة مساجِد: المسجد الحرام، ومسجدي هذا،
والمسجدَ الأقصى

"മസ്ജിദുൽ ഹറാം, എന്റെ ഈ പള്ളി (മസ്ജിദുന്നബവി), മസ്ജിദുൽ അഖ്സ എന്നീ മൂന്ന് പള്ളികളിലേക്കല്ലാതെ പുണ്യമുദ്ദേശിച്ച് യാത്രകെട്ടി പുറപ്പെടാൻ പാടുള്ളതല്ല." (ബുഖാരി, മുസ്‌ലിം)

## ഹറമിന്റെ അതിർത്തി

മക്കയിലെയും മദീനയിലെയും ഹറം എന്നത് അവയ്ക്ക് രണ്ടിനും നിശ്ചയിച്ച പരിധികളെ ഉൾകൊള്ളുന്ന ഭാഗങ്ങളാണ്. എന്നാൽ മസ്ജിദുന്നബവിയെ സംബന്ധിച്ച് പറയുമ്പോൾ പള്ളി മാത്രമാണ് ഹറം എന്നത് വ്യാപകമായ ഒരു തെറ്റുദ്ധാരണയാണ്. അത് മാത്രമല്ല തെക്ക് വടക്ക്ഭാഗത്തെ ഐർ മുതൽ ഥൗർ വരെയുള്ളതും, കിഴക്ക് പടിഞ്ഞാറ് ഭാഗത്തെ രണ്ട് കറുത്ത പാറകൾക്കുമിടയിലുള്ളതുമായ മദീന മുഴുവനും ഹറം തന്നെയാണ്. അതാണ് റസൂൽ ﷺ പറഞ്ഞത്:

«المدينة حرمٌ مابين عيْر إلى ثورٍ»

"മദീന ഹറമാണ്, ഐർ മുതൽ ഥൗർ വരെ" (ബുഖാരി, മുസ്‌ലിം)

റസൂൽ ﷺ പറഞ്ഞു:

«إنّي حرّمتُ مابينَ لابتَي المدينة أن يُقطَع عِضاهُها، أو يُقتَل صَيدُها»

"മദീനയുടെ രണ്ടു കറുത്തപാറകൾക്കിടയിലുള്ള പ്രദേശത്തെ ഞാൻ ഹറമാക്കിയിരിക്കുന്നു, അതിലെ ചെടികൾ മുറിക്കുവാനോ അവിടെ വേട്ടയാടുവാനോ പാടുള്ളതല്ല" (മുസ്‌ലിം)

ഇക്കാലത്ത് മദീന വികസിച്ച് ഹറമിന്റെ പരിധിക്ക് പുറത്ത് പോയിട്ടുണ്ട്. അതിനാൽ മദീനയിലുള്ള എല്ലാ കെട്ടിടങ്ങളും ഹറ

മിൽ പെട്ടതാണ് എന്ന് പറയാൻ പറ്റില്ല. ഹറമിന്റെ പരിധിക്കുള്ളിലെ പ്രദേശങ്ങളെല്ലാം ഹറം എന്നും പരിധിക്ക് പുറത്തുള്ളവയെല്ലാം മദീനയിൽ പെട്ടതാണ് എന്നും പറയാം. എന്നാൽ അത് ഹറമിൽ പെട്ടതാണെന്ന് പറയാൻപറ്റില്ല.

മദീനാ ഹറമിന്റെ പരിധി വ്യക്തമാക്കിക്കൊണ്ട് നബി ﷺ ഇങ്ങനെ പറഞ്ഞു:

«أنّ الحرم ما بين اللاّبتيْن، أو ما بين الحرّتيْن، أوْ ما بينَ الجبليْن، أوْ ما بين عَيْرٍ إلى ثور»

“നിശ്ചയം ഹറം എന്നത് രണ്ട് കറുത്തപാറകൾക്കിടയിലുള്ളതാണ്, അല്ലെങ്കിൽ രണ്ട് മലകൾക്കിടയിലുള്ളതാണ്, അതുമല്ലെങ്കിൽ ഐറിന്റെയും ഥൗറിന്റെയും ഇടയിലുള്ളതാണ്.”

ഈ പദങ്ങൾക്കിടയിൽ പരസ്പര വൈരുദ്ധ്യങ്ങളൊന്നുമില്ല. വല്ല സ്ഥലവും ഹറമിൽ പെട്ടതാണോ അല്ലയോ എന്ന് സംശയമുണ്ടായാൽ നബി ﷺ കാണിച്ചുതന്ന മാർഗ്ഗം സ്വീകരിക്കുകയാണ് വേണ്ടത്. അതായത് സൂക്ഷ്മത കൈകൊള്ളുക.

നുഅ്മാനുബ്നു ബശീർ رضي الله عنه റിപ്പോർട്ട് ചെയ്ത സർവാംഗീകൃതമായ ഹദീഥിൽ നബി ﷺ പറഞ്ഞത് പോലെ:

«فمن اتّقى الشُّبهات فقد اسْتَبْرأ لدينه وعِرْضه، ومَن وقع في الشُّبهات وقع فى الحرام »

‘‘ആരെങ്കിലും സംശയാസ്പദമായ കാര്യങ്ങളിൽ നിന്നും വിട്ടുനിന്നാൽ അവൻ അവന്റെ മതത്തെയും അഭിമാനത്തെയും സംരക്ഷിച്ചു, സംശയാസ്പദമായ കാര്യങ്ങളിൽ ഏർപ്പെട്ടാൽ അവൻ ഹറാമിൽ ആപതിച്ചു.”

## ത്വൈബ, ത്വാബ

ഈ അനുഗ്രഹീത മദീനയുടെ ശ്രേഷ്ടഠതകളിൽ പെട്ടതാണ് നബി ﷺ അതിന് ത്വൈബ (طَيْبة) എന്നും ത്വാബ (طابة) എന്നും പേരു നൽകി എന്നുള്ളത്. മാത്രമല്ല അല്ലാഹുവാണ് അതിന് ‘ത്വാബ‘ എന്ന് പേര് നൽകിയതെന്നത് സ്വഹീഹ് മുസ്‌ലിമിൽ സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്.

നബി ﷺ പറഞ്ഞു:

«إنّ اللّه سمّى المدينة طابة»



“നിശ്ചയം അല്ലാഹു മദീനക്ക് ത്വാബ എന്ന് പേര് നൽകി.”

ഈ രണ്ടു പദങ്ങളും طِيْب (നല്ലത്, വിശിഷ്ടമായത്) എന്ന പദത്തിൽ നിന്നും വന്നതാണ്. അപ്പോൾ നല്ല ഒരു പ്രദേശത്തിന് നൽകപ്പെട്ട രണ്ടു നല്ല പദങ്ങളാണത്.

## ഈമാനിന്റെ അഭയ കേന്ദ്രം

മദീനയുടെ ശ്രേഷ്ഠതകളിൽ പെട്ടതാണ് ഈമാൻ അവിടേക്ക് മടങ്ങി വരും എന്നത്. നബി ﷺ പറഞ്ഞു:

«إنّ الإيمان لَيَأْرِزُ إلى المدينة كما تَأْرِزُ الحيّة إلى جُحْرِها»

“പാമ്പ് അതിന്റെ മാളത്തിലേക്ക് അഭയം തേടുന്നത് പോലെ തീർച്ചയായും ഈമാൻ മദീനയിൽ അഭയം തേടും” (ബുഖാരി, മുസ്‌ലിം)

ഇതിന്റെ അർത്ഥം ഈമാൻ അതിലേക്ക് വരികയും അവിടെ നില നിൽക്കുകയും ചെയ്യും എന്നാണ്. മുസ്‌ലിംകൾ അതിനെ ലക്ഷ്യമാക്കുന്നതാണ്. അവരെ അതിലേക്ക് പ്രേരിപ്പിക്കുന്നത് വിശ്വാസവും അല്ലാഹു പവിത്രമാക്കിയ അനുഗ്രഹീതമായ ഈ ഭൂമിയോടുള്ള സ്നേഹവുമാണ്.

## പട്ടണങ്ങളെ തിന്നുന്ന പട്ടണം

അതിന്റെ ശ്രേഷ്ഠതകളിൽപെട്ടതാണ്. അത് മറ്റു പട്ടണങ്ങളെ തിന്നുന്ന പട്ടണമാണ് എന്ന് റസൂൽ ﷺ അതിനെ വിശേഷിപ്പിച്ചു എന്നത്.

റസൂൽ ﷺ പറഞ്ഞു:

«أُمِرْتُ بقريةٍ تأكلُ القُرى يعني : أُمِرَ بالهجرة إلى هذه القرية التي تأكُلُ القرى –يقولون لها: يثْرِب، وهِي المدينة»

“യഥ്രിബ് എന്ന് പേരുണ്ടായിരുന്ന പട്ടണങ്ങളെ തിന്നുന്ന ഈ പട്ടണത്തിലേക്ക് ഹിജ്റ ചെയ്യാൻ ഞാൻ കൽപിക്കപ്പെട്ടു. അതാണ് മദീന.” (ബുഖാരി, മുസ്‌ലിം)

ഇവിടെ ‘പട്ടണങ്ങളെ തിന്നുക’ എന്നാൽ അത് മറ്റു പട്ടണങ്ങളുടെ മേൽ വിജയം പ്രാപിക്കും എന്നും, അല്ലാഹുവിന്റെ മാർഗത്തിൽ ധർമ സമരം ചെയ്ത് ലഭിക്കുന്ന യുദ്ധ മുതലുകൾ അവിടേക്ക് കൊണ്ട് വരപ്പെടുകയും ചെയ്യും എന്നുമാണ്. ഈ രണ്ടു കാര്യങ്ങളും സംഭവിച്ചു കഴിഞ്ഞതാണ്.

മറ്റു പട്ടണങ്ങളുടെ മേൽ ഈ പട്ടണത്തിനുള്ള വിജയം സംഭവിച്ചത് സന്മാർഗികളും പരിഷ്കർത്താക്കളും വിജയികളായ യോദ്ധാക്കളും അവിടെ നിന്നും പുറപ്പെട്ടപ്പോഴാണ്. ജനങ്ങളെ അന്ധകാരങ്ങളിൽ നിന്ന് തങ്ങളുടെ രക്ഷിതാവിന്റെ അനുമതിപ്രകാരം പ്രകാശത്തിലേക്ക് അവർ കൊണ്ടുവന്നു. അങ്ങനെ ജനങ്ങൾ അല്ലാഹുവിന്റെ മതത്തിൽ പ്രവേശിച്ചു. ലോകർക്ക് ഏതെല്ലാം നന്മകൾ സംഭവിച്ചിട്ടുണ്ടോ അതെല്ലാം ഈ അനുഗൃഹീത പട്ടണത്തിൽ നിന്ന് അഥവാ പ്രവാചകന്റെ മദീനയിൽ നിന്ന് പുറപ്പെട്ടതാണ്.

അപ്പോൾ ഇവിടെ 'മറ്റുപട്ടണങ്ങളെ തിന്നുക' എന്നതിന് 'വിജയം പ്രാപിക്കുക' എന്നത് ശരിയാകും. ആദ്യകാലക്കാരായ സഹാബത്തിനും ഖുലഫാഉർറാശിദീങ്ങൾക്കും ഉണ്ടായത് പോലെ.

അതുപോലെത്തന്നെ രണ്ടാമത്തെ അർത്ഥമായ യുദ്ധമുതലുകൾ കൊണ്ട് വരപ്പെടുക എന്നതും സംഭവിച്ചു കഴിഞ്ഞു. അതായത് ഖിസ്റ-കൈസർ രാജാക്കന്മാരുടെ ഖജനാവുകൾ ചെലവഴിക്കപ്പെടുമെന്ന് നബി ﷺ അറിയിച്ചിട്ടുണ്ട്. ഈ ഖജനാവുകൾ മദീനയിലേക്ക് കൊണ്ട് വരപ്പെടുകയും ഉമർ ؓ വിന്റെ കരങ്ങൾ കൊണ്ടത് വിഹിതം വെക്കുകയും ചെയ്തു.

## ബുദ്ധിമുട്ടുകൾ ക്ഷമിക്കുക

മദീനയുടെ ശ്രേഷ്ഠതകളിൽ പെട്ടതാണ് അവിടെ വെച്ചുള്ള പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ക്ഷമിക്കാൻ നബി ﷺ പ്രേരിപ്പിച്ചു എന്നത്. സുഖവും സമ്പത്തും ഉപജീവനവും ഉദ്ദേശിച്ച് മദീനയിൽ നിന്ന് മറ്റു സ്ഥലങ്ങളിലേക്ക് പോകാനുദ്ദേശിച്ച ആളുകളോട് നബി ﷺ പറയുകയാണ്:

المدينة خير لهم لو كانوا يَعلَمون، لا يَدَعُها أحدٌ رغبةً عنْها إلاّ أبْدَلَ اللّه فيها من هو خير منه ولا يثْبُتُ أحدٌ على لأوائها وجهدِها إلاّ كنتُ له شفيعًا أو شهيدًا يوم القيامة

"മദീന അവർക്ക് ഉത്തമമാണ്, അവർ അറിഞ്ഞിരുന്നുവെങ്കിൽ. മദീനയെ വെറുത്ത് ആരെങ്കിലും അവിടെ നിന്ന് പോയാൽ അവനേക്കാൾ നല്ല ഒരാളെ അല്ലാഹു പകരം വെക്കുന്നതാണ്. അവിടത്തെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ആരെങ്കിലും തരണം ചെയ്താൽ അന്ത്യനാളിൽ ഞാൻ അവർക്ക് സാക്ഷിയും ശുപാർശകനുമായി വരുന്നതാണ്." (മുസ്ലിം)



ഈ ഹദീഥ് മദീനയുടെ ശ്രേഷ്ടതയെക്കുറിച്ച് നമ്മെ പഠിപ്പിക്കുന്നുണ്ട്. അപ്രകാരം തന്നെ അവിടെ വെച്ച് ആർക്കെങ്കിലും കഷ്ടപ്പാടുകളും വേദനകളും സംഭവിച്ചാൽ ക്ഷമിക്കുന്നതിന്റെ പ്രതിഫലത്തെക്കുറിച്ചും പഠിപ്പിക്കുന്നു. എന്നാൽ ആർക്കെങ്കിലും ഇങ്ങനെ സംഭവിച്ചാൽ ആഡംബര ജീവിതം തേടിപ്പോകാൻ അതവനെ പ്രേരിപ്പിക്കരുത്. മറിച്ച് അവന് ഉണ്ടാകുന്നതിൽ ക്ഷമിച്ച് നിൽക്കുകയാണ് വേണ്ടത്. അതുമൂലം വാഗ്ദാനം നൽകപ്പെട്ട മഹത്തായ പ്രതിഫലം അല്ലാഹു അവന്ന് നൽകുന്നതാണ്.

## ബിദ്അത്ത് ചെയ്താൽ...

മദീനയുടെ പവിത്രതയെക്കുറിച്ച് വിവരിച്ചപ്പോൾ അവിടെ മതത്തിൽ വല്ലതും പുതുതായി ഉണ്ടാക്കുന്നതിന്റെ അപകടത്തെയും ഗൗരവത്തെയും കുറിച്ച് നബി ﷺ പറഞ്ഞു:

«المدينة حرمٌ ما بين عيْرٍ إلى ثورٍ من أحدث فيها حدثا أو آوى محدثا فعليه لعنةُ اللّه والملائكة والنّاس أجّمعين، لا يقبلُ اللّه منه صرفاً ولا عَدْلا»

"മദീന 'ഐർ' മുതൽ 'ഥൗർ' വരെ ഹറമാണ്. അവിടെവെച്ച് ആരെങ്കിലും മതത്തിലില്ലാത്തത് വല്ലതും ചെയ്താൽ, അല്ലെങ്കിൽ അങ്ങനെ ചെയ്യുന്നവന്ന് അഭയം നൽകിയാൽ അല്ലാഹുവും മലക്കുകളും മുഴുവൻ ജനങ്ങളും അവനെ ശപിക്കുന്നതാണ്. അവനിൽ നിന്ന് ഫർളോ സുന്നത്തോ സ്വീകരിക്കപ്പെടുകയില്ല." (ബുഖാരി, മുസ്ലിം)

## അനുഗ്രഹത്തിന് വേണ്ടിയുള്ള നബി ﷺ യുടെ പ്രാർത്ഥന

നബി ﷺ മദീനക്ക് അനുഗ്രഹത്തിനു വേണ്ടി പ്രാർത്ഥിച്ചു എന്നതും അതിന്റെ ശ്രേഷ്ടതകളിൽപെട്ടതാണ്.

നബി ﷺ പറയുന്നു:

«اللّهُم باركْ لَنا في ثمرِنا، وباركْ لنا في مدينتنا، وباركْ لنا في صاعِنا، وبارِكْ لنا في مُدِّنا»

"അല്ലാഹുവേ, ഞങ്ങളുടെ ഫലവർഗങ്ങളിൽ ഞങ്ങൾക്ക് നീ അനുഗ്രഹം നൽകേണമേ, ഞങ്ങളുടെ പട്ടണത്തിലും ഞങ്ങൾക്ക് നീ അനുഗ്രഹങ്ങൾ നൽകേണമേ, ഞങ്ങളുടെ സ്വാഇലും മുദ്ദിലും ഞങ്ങൾക്ക് നീ അനുഗ്രഹങ്ങൾ നൽകേണമേ." (മുസ്ലിം)

## പ്ലേഗോ, ദജ്ജാലോ പ്രവേശിക്കുന്നതല്ല

അവിടെ പ്ലേഗ് രോഗമോ ദജ്ജാലോ പ്രവേശിക്കുന്നതല്ല എന്നതും മദീനയുടെ ശ്രേഷ്ഠതകളിൽ പെട്ടതാണ്.

നബി ﷺ പറഞ്ഞു:

«على أنقابِ المدينةِ ملائكةٌ. لا يدخُلُهاَ الطاعون ولا الدّجّالُ»

"മദീനയുടെ പ്രവേശന കവാടങ്ങളിൽ മലക്കുകൾ കാവൽ നിൽക്കുന്നുണ്ട്. അവിടേക്ക് പ്ലേഗ് രോഗവും ദജ്ജാലും പ്രവേശിക്കുന്നതല്ല" (ബുഖാരി, മുസ്‌ലിം)

മദീനയുടെ ശ്രേഷ്ടതകളെപ്പറ്റി പറയുന്ന ഹദീഥുകൾ വളരെയധികമുണ്ട്. അതിൽ ബുഖാരി, മുസ്‌ലിം റിപ്പോർട്ട് ചെയ്ത സ്വഹീഹായ ഹദീഥുകളിൽ നിന്ന് ചിലത് മാത്രമാണ് ഞാൻ ഇവിടെ ഉദ്ദരിച്ചത്.

മദീനയുടെ ശ്രേഷ്ഠതകളെകുറിച്ച് രചിക്കപ്പെട്ടിട്ടുള്ള ഏറ്റവും നല്ല പുസ്തകം ഡോ: സ്വാലിഹ് ബിൻ ഹാമിദ് രിഫാഇ ഡോക്ടറേറ്റിനുവേണ്ടി മദീനാ ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ച **(الأحاديث الواردة في فضائل المدينة جمعًا ودراسة)** "മദീനയുടെ ശ്രേഷ്ഠതകളെക്കുറിച്ച് വന്ന ഹദീഥുകൾ ഒരു പഠനം" എന്നതാണ്.

കൂടുതൽ പഠിക്കാൻ ആഗ്രഹിക്കുന്നവരോട് ആ പുസ്തകത്തിലേക്ക് മടങ്ങാൻ ഞാനാവശ്യപ്പെടുന്നു.

## രണ്ട് പള്ളികൾ

ഈ മദീനയിൽ മഹത്തായ രണ്ട് പള്ളികളുണ്ട്.

1) റസൂൽ ﷺ യുടെ പള്ളി (മസ്ജിദുമ്പവി)

2) ഖുബാ പള്ളി (മസ്ജിദു ഖുബാ)

## മസ്ജിദുന്നബവി

മസ്ജിദുന്നബവിയുടെ ശ്രേഷ്ഠതയെക്കുറിച്ച് ഹദീഥുകളിൽ വന്നിട്ടുണ്ട്. അതിൽപെട്ടതാണ് താഴെ പറയുന്ന ഹദീഥ്.



നബി ﷺ പറഞ്ഞിരിക്കുന്നു:

«لاتُشَدُّ الرِّحالُ إلا إلى ثلاثة مساجد: المسجِدُ الحرام، ومسجِدي هذا، والمسجد الأقصى»

"മസ്ജിദുൽ ഹറാം, എന്റെ ഈ പള്ളി (മസ്ജിദുന്നബവി), മസ്ജിദുൽ അഖ്സ എന്നീ മൂന്ന് പള്ളികളിലേക്കല്ലാതെ (പുണ്യമുദ്ദേശിച്ച്) യാത്രപുറപ്പെടാൻ പാടുള്ളതല്ല" (ബുഖാരി, മുസ്‌ലിം)

പ്രവാചകന്മാർ നിർമ്മിച്ച മൂന്ന് പള്ളികളിലൊന്നാണ് ഈ പട്ടണത്തിലുള്ള മസ്ജിദുന്നബവി. അവിടേക്ക് പുണ്യമുദ്ദേശിച്ച് യാത്ര ചെയ്യാവുന്നതാണ്.

## നമസ്കാരത്തിന്റെ ശ്രേഷ്ഠത

മസ്ജിദുന്നബവിയിൽ വെച്ചുള്ള ഒരു നമസ്കാരത്തിന് ആയിരം നമസ്കാരത്തേക്കാൾ പ്രതിഫലമുണ്ട്.

നബി ﷺ പറഞ്ഞു:

«صلاةٌ في مسجدي هذا أفضل من ألف صلاة فيما سواه إلاّ المسجد الحرام»

''എന്റെ ഈ പള്ളിയിൽ വെച്ചുള്ള ഒരു നമസ്കാരത്തിന് മസ്ജിദുൽ ഹറാം അല്ലാത്ത മറ്റു പള്ളികളിൽ വെച്ച് നമസ്കരിക്കുന്നതിനേക്കാൾ ആയിരത്തിൽപരം നമസ്കാരത്തിന്റെ പ്രതിഫലം ലഭിക്കുന്നതാണ്." (ബുഖാരി, മുസ്‌ലിം)

ഇതൊരു മഹാ പ്രതിഫലമാണ്. പരലോകത്തേക്ക് വേണ്ടി സമ്പാദിക്കുവാനുള്ള ഒരവസരവുമാണ്. ഇരട്ടികൾ ലാഭമുള്ള ഒരു കച്ചവടമാണിത്. അത് പത്തോ, നൂറോ അല്ല, ആയിരത്തിൽപരമാണ്.

നമുക്കറിയാം, ദുനിയാവിലെ കച്ചവടക്കാർ ഏതെങ്കിലും ഒരു സ്ഥലത്ത് ഒരു പ്രത്യേക സമയത്ത് അവരുടെ ഉൽപ്പന്നങ്ങൾ കൂടുതൽ വിറ്റഴിക്കപ്പെടുമെന്ന് കണ്ടാൽ അവരതിന് വേണ്ടി മുൻകൂട്ടി ഒരുങ്ങുന്നതാണ്. അവിടുത്തെ ലാഭം പകുതിയോ ഇരട്ടിയോ ആണെങ്കിലും ശരി അവരതിന് തയ്യാറാവുന്നതാണ്. എന്നാൽ ഇവിടെ നമസ്കാരത്തിന്റെ കാര്യത്തിലുള്ള ലാഭം പത്തോ, നൂറോ, അഞ്ഞൂറോ, അറുനൂറോ ഇരട്ടിയല്ല, മറിച്ച് ആയിരത്തിൽപരമാണ്!!

# ഈ അനുഗ്യഹീത പള്ളിയുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**1) ഫർദിനും സുന്നത്തിനും ആയിരത്തിൽപരം**

ഒരു നമസ്കാരത്തിന് ആയിരം നമസ്കാരത്തിൽപരം എന്നത് ഫർദ് നമസ്കാരത്തിന് മാത്രമോ, സുന്നത്ത് നമസ്കാരത്തിന് മാത്രമോ അല്ല. മറിച്ച് ഫർദിനും സുന്നത്തിനും ആയിരം നമസ്കാരത്തേക്കാൾ പ്രതിഫലം ലഭിക്കും. കാരണം നബി ﷺ പറഞ്ഞത് صلاة (ഒരു നമസ്കാരം) എന്നാണ്. അപ്പോൾ ഒരു ഫർദ് നമസ്കാരത്തിന് ആയിരം ഫർദിന്റെയും ഒരു സുന്നത്തിന് ആയിരം സുന്നത്തിന്റേയും പ്രതിഫലം ലഭിക്കും.

**2) പ്രതിഫലം റസൂൽ ﷺ യുടെ കാലത്തെ പള്ളിക്ക് മാത്രമോ?**

ഹദീഥിൽ വന്ന ഈ ഇരട്ടി പ്രതിഫലം റസൂലിന്റെ കാലത്തുണ്ടായിരുന്ന പള്ളിക്ക് മാത്രമുള്ളതല്ല, പിൽക്കാലത്ത് പള്ളിയിലേക്ക് ചേർക്കപ്പെട്ടതെല്ലാം ഇതിൽപെടും. ഖലീഫമാരായ ഉമർ ؓ, ഉഥ്മാൻ ؓ എന്നിവർ റസൂലിന്റെ പള്ളിയുടെ മുൻഭാഗം വികസിപ്പിക്കുകയുണ്ടായി. അപ്പോൾ ഇമാമും തുടർന്നുള്ള സ്വഫ്ഫുകളുമെല്ലാം നിന്നിരുന്നത് റസൂലിന്റെ കാലത്തുള്ള പള്ളിക്ക് പുറത്തായിരുന്നു. റസൂലിന്റെ കാലത്തെ പള്ളിയിൽ നിന്ന് വികസിപ്പിച്ച ഭാഗങ്ങൾക്ക് ഈ ഇരട്ടി പ്രതിഫലം ലഭിക്കില്ലായിരുന്നുവെങ്കിൽ ഈ ഖലീഫമാർ പള്ളിയുടെ മുൻഭാഗം വികസിപ്പിക്കുമായി



രുന്നില്ല. ഇവരുടെ കാലത്തുണ്ടായിരുന്ന മറ്റു സ്വഹാബിമാരാരും ഇതിനെ എതിർത്തതുമില്ല. അപ്പോൾ ഈ പ്രതിഫലം റസൂലിന്റെ കാലത്തുണ്ടായിരുന്ന പള്ളിക്ക് മാത്രമുള്ളതല്ല എന്നതിന് ഇത് വ്യക്തമായ തെളിവാണ്.

**3) റൗദ**

ഈ പള്ളിയിൽ റൗദ (സ്വർഗത്തോപ്പ്) എന്ന് റസൂൽ ﷺ വിശേഷിപ്പിച്ച സ്ഥലമുണ്ട്. അതിനെക്കുറിച്ച് റസൂൽ ﷺ പറഞ്ഞു:

«مابين بيتي ومنبري روْضَةٌ مِن رياضِ الجَنّة»

“എന്റെ വീടിന്റെയും മിമ്പറിന്റേയും ഇടയിലുള്ള സ്ഥലം സ്വർഗത്തോപ്പുകളിൽപെട്ട ഒരു തോപ്പാണ്” (ബുഖാരി, മുസ്‌ലിം)

ഇതിനെ പ്രത്യേകമാക്കിപ്പറഞ്ഞത് അതിന്റെ ശ്രേഷ്ഠതയേയും പ്രത്യേകതയേയും കുറിച്ച് അറിയിക്കുന്നു. മറ്റൊരാൾക്കും തടസ്സമുണ്ടാവാത്ത രീതിയിൽ അവിടെ വെച്ച് സുന്നത്ത് നമസ്കരിക്കുന്നതിനും ദിക്റുകൾ ചൊല്ലുന്നതിന്നും ഖുർആൻ പാരായണം ചെയ്യുന്നതിന്നും ശ്രേഷ്ഠതയുണ്ട്. എന്നാൽ ഫർദ് നമസ്കാരത്തിന് റൗദക്ക് മുമ്പിലുള്ള സ്വഫ്ഫുകളിൽ സ്ഥലമുണ്ടെങ്കിൽ അതാണ് ഏറ്റവും ഉത്തമം. കാരണം നബി ﷺ പറഞ്ഞു:

«خيرُ صُفوفِ الرّجال أوّلُها وَشرُّها آخرُها»

“പുരുഷന്മാരുടെ സ്വഫ്ഫുകളിൽ ഏറ്റവും ഉത്തമം ആദ്യത്തെ സ്വഫ്ഫുകളാണ്, ഏറ്റവും മോശമായത് അവസാനത്തേതുമാണ്” (മുസ്‌ലിം).

നബി ﷺ പറഞ്ഞു:

«لوْ يعلَمُ النّاسُ ما في النّداء والصّفِّ الأوّل، ثُمّ لم يجِدوا إلاّ أن يستَهموا عليه لاستَهموا عليه»

“ബാങ്കിലും, ഒന്നാമത്തെ സ്വഫ്ഫിലുമുള്ള പ്രതിഫലത്തെക്കുറിച്ച് ജനങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ, പിന്നെ അത് ലഭിക്കുവാൻ നറുക്കെടുപ്പല്ലാതെ മറ്റൊരു മാർഗവുമില്ലെങ്കിൽ അവർ അതിന് വേണ്ടി നറുക്കെടുക്കുമായിരുന്നു.” (ബുഖാരി, മുസ്‌ലിം)

### 4) നമസ്കാരത്തിന്റെ ശ്രേഷ്ഠാശ്രേഷ്ഠത

നമസ്കാരത്തിന് മസ്ജിദുന്നബവി നിറഞ്ഞ് കവിഞ്ഞാൽ പിന്നീട് വരുന്നവർക്ക് പള്ളിയുടെ മുറ്റത്ത് ഇമാമിനെ തുടർന്ന് മുൻഭാഗമല്ലാത്ത മറ്റു മൂന്ന് ഭാഗങ്ങളിലും വെച്ച് നമസ്കരിക്കാവുന്നതാണ്. അതിന് ജമാഅത്ത് നമസ്കാരത്തിന്റെ പ്രതിഫലം ലഭിക്കും. എന്നാൽ ആയിരത്തിൽപരം പ്രതിഫലം ലഭിക്കുന്നത് പള്ളിയുടെ അകത്ത് നമസ്കരിക്കുന്നവർക്കാണ്. കാരണം,

നബി ﷺ പറയുന്നു:

«صلاةٌ في مسجدي هذا خيْر من ألف صلاةٍ فيما سواه إلاّ المسْجد الحرام»

"എന്റെ ഈ പള്ളിയിൽ വെച്ചുള്ള ഒരു നമസ്കാരത്തിന് മസ്ജിദുൽ ഹറാം അല്ലാത്ത മറ്റു പള്ളികളിൽ വെച്ച് നമസ്കരിക്കുന്നതിനേക്കാൾ ആയിരത്തിൽപരം നമസ്കാരത്തിന്റെ പ്രതിഫലം ലഭിക്കുന്നതാണ്."

അപ്പോൾ പുറത്ത് വഴിയിൽ നമസ്കരിക്കുന്നവൻ പള്ളിയുടെ അകത്ത് നമസ്കരിക്കുന്നവനെപ്പോലെയല്ല. അവന്ന് ഈ ഇരട്ടി പ്രതിഫലം ലഭിക്കുകയുമില്ല.

### 5) 40 വക്ത് നമസ്കാരമോ?

അധികം ജനങ്ങളിലും പ്രചരിച്ചിട്ടുള്ള ഒന്നാണ്, ഇമാം അഹ്മദ് رضي الله عنه ന്റെ മുസ്നദിൽ വന്ന ഒരു ഹദീഥിന്റെ അടിസ്ഥാനത്തിൽ മദീനയിൽ വരുന്നവർ മസ്ജിദുന്നബവിയിൽ വെച്ച് 40 വക്ത് നമസ്കാരം നിർവഹിക്കണം എന്നത്. ഇത് ശരിയല്ല.

അതായത്, അനസ് رضي الله عنه വിൽ നിന്നും നിവേദനം, റസൂൽ ﷺ പറഞ്ഞിരിക്കുന്നു:

«من صلّى في مسجدي أربعين صلاة لا تفوتُه صلاة كُتبت له براءةٌ من النّار
ونجاةٌ من العذاب وبَرِئَ من النّفاق»

"ഒരു നമസ്കാരവും പാഴാക്കാതെ എന്റെ ഈ പള്ളിയിൽ വെച്ച് ആരെങ്കിലും 40 വക്ത് നമസ്കാരം നിർവഹിച്ചാൽ അവന്ന് നരക ശിക്ഷയിൽ നിന്ന് രക്ഷയും കാപട്യത്തിൽ നിന്നും മോചനവും നേടാവുന്നതാണ്."



ഇത് തെളിവിന് പറ്റാത്ത ദുർബലമായ ഒരു ഹദീഥാണ്. മറിച്ച് ഇക്കാര്യം വിശാലമാണ്. മദീനയിൽ വരുന്നവൻ മസ്ജിദുന്നബവിയിൽ വെച്ച് ചില നിർണിത നമസ്കാരങ്ങൾ നിർവഹിക്കാൻ നിർബന്ധിതനാണെന്ന ധാരണ ശരിയല്ല. എന്നാൽ അവിടെ വെച്ചുള്ള ഓരോ നമസ്കാരത്തിനും ആയിരത്തിൽപരം പ്രതിഫലമുണ്ട്. അതിന് പ്രത്യേക എണ്ണമോ കണക്കോ ഇല്ല.

### 6) ഖബ്റുകളെ പള്ളികളാക്കരുത്

ഇസ്ലാമിക രാജ്യങ്ങളിലടക്കം ഭൂരിപക്ഷം മുസ്ലിംകളെയും പിടികൂടിയിട്ടുള്ള ഒരു വിപത്താണ് ഖബ്റുകളിന്മേൽ പള്ളികൾ നിർമ്മിക്കലും അല്ലെങ്കിൽ മരിച്ചവരെ പള്ളിയിൽ ഖബറടക്കലും. അത് അനുവദനീയമാക്കാൻ ചിലർ തെളിവ് പിടിക്കുന്നത് നബി ﷺ യുടെ ഖബർ പള്ളിയുടെ അകത്താണല്ലോ ഉള്ളത് എന്ന ന്യായമാണ്. എന്നാൽ ഈ സംശയത്തിനുള്ള മറുപടി ഇങ്ങനെ പറയാം. മദീനയിൽ എത്തിയ ഉടനെ നബി ﷺ യാണ് പള്ളി നിർമിച്ചത്. പിന്നീട് പള്ളിക്ക് തൊട്ടടുത്ത് നബി ﷺ യുടെ ഭാര്യമാർക്ക് താമസിക്കുന്നതിനായി വീടുകളും നിർമ്മിച്ചു. അതിൽ പെട്ടതാണ് നബി ﷺയെ മറവ് ചെയ്യപ്പെട്ട ആഇശ رضي الله عنها യുടെ വീടും. ഈ വീടുകൾ ഖുലഫാഉറാശിദുകളുടെ കാലത്തും മുആവിയ رضي الله عنه വിന്റെ കാലത്തും ശേഷവും പള്ളിയുടെ പുറത്ത് അതേ നിലയിൽ തന്നെ അവശേഷിച്ചു. പിന്നീട് ബനൂ ഉമയ്യയുടെ ഭരണകാലത്ത് പള്ളി വികസിപ്പിച്ചപ്പോൾ നബി ﷺ അന്ത്യവിശ്രമം കൊള്ളുന്ന ആഇശ رضي الله عنها യുടെ വീടും അതിൽ ഉൾപ്പെടുകയാണുണ്ടായത്. എന്നാൽ ഖബറുകളെ പള്ളികളാക്കുന്നതിനെ നിഷിദ്ധമാക്കിക്കൊണ്ട് തിരസ്കരിക്കാൻ പറ്റാത്ത വ്യക്തമായ ഹദീഥുകൾ നബി ﷺയിൽ നിന്നും വന്നിട്ടുണ്ട്. അതിൽ പെട്ടതാണ്, ജുൻദുബ് ബ്നു അബ്ദില്ലാഹിൽ ബജല്ലി رضي الله عنه റിപ്പോർട്ട് ചെയ്ത ഹദീഥ്. അദ്ദേഹം പറഞ്ഞു:

റസൂൽ ﷺ അദ്ദേഹത്തിന്റെ മരണത്തിന് 5 ദിവസം മുമ്പ് പറയുന്നതായി ഞാൻ കേട്ടു:

إنّي أبْرأ إلِى اللّه أن يكون لِي منكم خليلٌ، فإِنّ اللّه اتّخذني خليلاً كما اتّخذ
إبراهيمَ خليَلا، ولو كنت مُتّخذًا مِن أمّتي خليلا لا تّخذتُ أبابكر خليلا
ألا وإنّ من كان قبلكم كانوا يتّخذون قبور أنبيائهم وصالحيهم مساجد

ألا فلا تتخذوا القبور مساجد فإنّي أنهاكم عن ذلك .

"നിങ്ങളിൽ നിന്നും എനിക്കൊരു കൂട്ടുകാരനുണ്ടാകുന്നതിനെതൊട്ട് ഞാൻ അല്ലാഹുവിനോട് ഒഴിവ് ബോധിപ്പിക്കുന്നു. തീർച്ചയായും അല്ലാഹു ഇബ്റാഹീം നബിയെ കൂട്ടുകാരനായി സ്വീകരിച്ചപോലെ എന്നെയും കൂട്ടുകാരനായി സ്വീകരിച്ചിരിക്കുന്നു. എന്റെ സമുദായത്തിൽ നിന്ന് ആരെയെങ്കിലും ഞാൻ കൂട്ടുകാരനായി സ്വീകരിക്കുകയാണെങ്കിൽ അബൂബക്കർ ﷺ വിനെ കൂട്ടുകാരനായി സ്വീകരിക്കുമായിരുന്നു; അറിയുക, നിങ്ങളുടെ മുമ്പ് കഴിഞ്ഞു പോയവർ പ്രവാചകന്മാരുടെയും സ്വാലിഹീങ്ങളുടെയും ഖബ്റുകളെ പള്ളികളായി സ്വീകരിച്ചിരുന്നു. അറിയുക, നിങ്ങൾ ഖബ്റുകളെ ആരാധനാലയങ്ങളായി സ്വീകരിക്കരുത്. തീർച്ചയായും ഞാൻ അത് വിലക്കുന്നു." (മുസ്ലിം)

നബി ﷺമരണം ആസന്നമായ സമയത്ത്വരെയും ഖബ്റുകളെ പള്ളികളായി സ്വീകരിക്കുന്നതിനെ താക്കീത് ചെയ്യുകയുണ്ടായി.

ആഇശ ﷺ, ഇബ്നു അബ്ബാസ് ﷺ എന്നിവർ പറയുന്നു: റസൂൽ ﷺക്ക് മരണം ആസന്നമായ വേളയിൽ അദ്ദേഹം വസ്ത്രമെടുത്ത് തന്റെ മുഖത്ത് ഇടാൻ തുടങ്ങി. ശ്വാസം മുട്ടുമ്പോൾ അത് മുഖത്ത് നിന്നും നീക്കും, ഇങ്ങനെയിരിക്കെ അദ്ദേഹം പറഞ്ഞു:

لعنة اللّهِ على اليهود والنصارَى اتّخذوا قبورَ أنبيائهم مساجدا

"ജൂത-ക്രിസ്ത്യാനികളെ അല്ലാഹു ശപിക്കട്ടെ, അവർ അവരുടെ പ്രവാചകന്മാരുടെ ഖബ്റുകളെ പള്ളികളായി സ്വീകരിച്ചിരിക്കുന്നു". (ബുഖാരി, മുസ്ലിം)

അവർ ചെയതതിനെ തൊട്ട് (മുസ്ലിംകൾക്ക് റസൂൽ ﷺ) മുന്നറിയിപ്പ് നൽകുന്നു.

ആഇശ ﷺ, ഇബ്നുഅബ്ബാസ് ﷺ, ജുൻദുബ് ﷺ എന്നിവരിൽ നിന്ന് വന്ന ഈ ഹദീഥുകൾ യാതൊരു നിലക്കും തള്ളാൻ പറ്റാത്ത ഹദീഥുകളാണ്. കാരണം ജുൻദുബ് ﷺവിന്റെ ഹദീഥ് നബി ﷺ യുടെ അവസാന ദിവസങ്ങളിൽ നടന്ന സംഭവമാണ്, ആഇശ ﷺയുടെയും ഇബ്നുഅബ്ബാസ് ﷺ ന്റെയും ഹദീഥ് അദ്ദേഹത്തിന്റെ അവസാന നിമിഷങ്ങളിലുമുള്ളതാണ്. അതിനാൽ ഈ സ്വഹീഹായ ഹദീഥുകളെ വിട്ട് ബനൂ ഉമയ്യയുടെ കാലത്ത് നടന്ന, റസൂൽ ﷺ ന്റെ ഖബ്ർ പള്ളിയുടെ അകത്താക്കിയ സംഭവം തെളിവ് പിടിക്കാൻ ഒരു മുസ്ലിമിനും-വ്യക്തികളോ സംഘടനകളോ ആകട്ടെ-പാടുള്ളതല്ല.



## മസ്ജിദുഖുബാ

ഈ മദീനയിലെ ശ്രേഷ്ഠത നൽകപ്പെട്ട രണ്ട് പള്ളികളിൽ രണ്ടാമത്തേത് മസ്ജിദു ഖുബായാണ്. ആദ്യ ദിവസത്തിൽ തഖ്വയിലധിഷ്ടിതമായി നിർമിക്കപ്പെട്ട പള്ളിയാണത്. മസ്ജിദു ഖുബായിൽ വെച്ചുള്ള നമസ്കാരത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ച് നബി ﷺ യുടെ വാക്കിലൂടെയും പ്രവർത്തിയിലൂടെയും വന്നിട്ടുണ്ട്.

അബ്ദുല്ലാഹിബ്നു ഉമർ ﷺ പറയുന്നു:

«كان النبيّ ﷺ يأتي مسجد قباء كلّ سبْتٍ ما شيا وراكبا فيصلّي فيه ركعتين»

"നബി ﷺ എല്ലാ ശനിയാഴ്ചയിലും നടന്നോ വാഹനപ്പുറത്തോ ആയി മസ്ജിദു ഖുബായിൽ വരികയും അവിടെ വെച്ച് രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്യുമായിരുന്നു." (ബുഖാരി, മുസ്ലിം)

സഹ്ലുബ്നു ഹുനൈഫ് ﷺ വിൽ നിന്നും നിവേദനം: റസൂൽ ﷺ പറഞ്ഞിരിക്കുന്നു:

«من تطهّر في بيته ثم أتى مسجد قباء فصلّى فيه صلاة كان له أجر عمرة»

"ആരെങ്കിലും തന്റെ വീട്ടിൽ വെച്ച് വുളുവെടുക്കുകയും പിന്നെ മസ്ജിദു ഖുബായിൽ വരികയും അവിടെ വെച്ച് ഒരു നമസ്കാരം നമസ്കരിക്കുകയും ചെയ്താൽ അവന് ഒരു ഉംറയുടെ പ്രതിഫലമുണ്ട്" (ഇബ്നുമാജ).

ഈ ഹദീഥിലെ റസൂൽ ﷺ പറഞ്ഞ فصلّى فيه صلاة (അവിടെ ഒരു നമസ്കാരം നമസ്കരിച്ചാൽ) എന്നതിൽ ഫർദ് നമസ്കാരവും സുന്നത്ത് നമസ്കാരവും ഉൾപ്പെടും.

മദീനയിൽ ഈ രണ്ടു പള്ളികളല്ലാത്ത മറ്റൊരു പള്ളിയുടെയും ശ്രേഷ്ഠതയെക്കുറിച്ച് ഹദീഥിൽ വന്നിട്ടില്ല.

## മദീനയിൽ താമസിക്കാൻ ഭാഗ്യം ലഭിച്ചവരോട്..

ത്വൈബ എന്ന ഈ അനുഗൃഹീത പട്ടണത്തിൽ താമസിക്കാൻ അല്ലാഹു തൗഫീഖ് നൽകിയവൻ മനസ്സിലാക്കേണ്ടതാണ്, അവൻ ഒരു വലിയ അനുഗ്രഹമാണ് കരസ്ഥമാക്കിയിട്ടുള്ളത് എന്നത്. ഈ അനുഗ്രഹത്തിനും നന്മക്കും അവൻ അല്ലാഹുവിന് നന്ദി പറയുകയും അവനെ സ്തുതിക്കുകയും ചെയ്യേണ്ടതാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഈ പുണ്യ സ്ഥലങ്ങളായ മക്കയിലേക്കും മദീനയിലേക്കും എത്തിപ്പെടാനും ചുരുങ്ങിയ കാലമെങ്കിലും അവിടെ താമസിക്കുവാനും വർഷങ്ങളോളം തനിക്ക് കിട്ടുന്ന പണം ഒരുമിച്ച് കൂട്ടി തന്റെ ആഗ്രഹം നിറവേറ്റിക്കിട്ടുവാനും ധാരാളം ആളുകൾ അതിയായി ആശിച്ചു കൊണ്ടിരിക്കുന്നു എന്നതും മദീനയിൽ താമസിക്കുവാൻ ഭാഗ്യം ലഭിച്ചവർ മനസ്സിലാക്കേണ്ടതാണ്.

ഇന്ത്യയിലെ പണ്ഡിതന്മാരിൽപെട്ട ഒരാൾ പറഞ്ഞതായി ഞാൻ ഓർക്കുന്നു. പണ്ടു കാലങ്ങളിൽ ഇന്ത്യൻ ഹാജിമാർ പായ്ക്കപ്പലിലായിരുന്നു വന്നിരുന്നത്. മക്കയിലേക്കും മദീനയിലേക്കുമുള്ള വഴിയിൽ കുറെ ദിവസങ്ങൾ അവർ കടലിൽ താമസിക്കുമായിരുന്നു. മക്കയും മദീനയും സ്ഥിതി ചെയ്യുന്ന കര കണ്ടാൽ കപ്പലിൽ വെച്ച് അവർ അല്ലാഹുവിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് സുജൂദ് ചെയ്യുമായിരുന്നു.



### മദീനയിൽ താമസിക്കുന്നതിന്റെ മര്യാദകൾ

ഒന്ന്:-ഒരു മുസ്‌ലിം ഈ മദീനയെ സ്നേഹിക്കണം. കാരണം നബി ﷺയും മദീനയെ സ്നേഹിച്ചിരുന്നു.

ബുഖാരി റിപ്പോർട്ട് ചെയ്ത ഒരു ഹദീഥിൽ നമുക്ക് കാണാം. അനസ് ؓ പറയുന്നു:

«أنّ النبيّ ﷺ كان إذا قدم من سفر فنظر إلى جدرات المدينة أوضع راحلته. وإن كان على دابّة حرّكها من حبّها»

"നബി ﷺ ഒരു യാത്രകഴിഞ്ഞ് മദീനയിലേക്ക് മടങ്ങുമ്പോൾ മദീനയുടെ മതിലുകൾ നോക്കിക്കൊണ്ട് തന്റെ വാഹനത്തെ വേഗത്തിൽ ചലിപ്പിക്കുമായിരുന്നു. അദ്ദേഹം ഒട്ടകപ്പുറത്താണെങ്കിൽ മദീനയോടുള്ള സ്നേഹം കാരണം ഒട്ടകത്തെ വേഗത്തിൽ നടത്തുമായിരുന്നു."

രണ്ട്:- ഒരു മുസ്‌ലിം ഈ മദീനയിൽ അല്ലാഹുവിന്റെയും റസൂൽ ﷺ യുടെയും കൽപനകൾ അനുസരിച്ച് ജീവിക്കുകയും ബിദ്അത്തുകളിൽ നിന്നും തെറ്റുകുറ്റങ്ങളിൽ നിന്നും വിട്ട് നിൽക്കാൻ ബദ്ധശ്രദ്ധനായിരിക്കേണ്ടതുമാണ്.

തീർച്ചയായും ഈ മദീനയിൽ നന്മകൾക്ക് മഹത്തായ പ്രതിഫലമുണ്ട്. അവിടെ വെച്ചുള്ള തെറ്റുകളും ബിദ്അത്തുകളും വളരെ അപകടം കൂടിയതാണ്. ഈ ഹറമിൽ വെച്ച് ആരെങ്കിലും അല്ലാഹുവിനെ ധിക്കരിക്കുന്നത് ഹറമിന്റെ പുറത്തുവെച്ചുള്ള ധിക്കാരത്തേക്കാൾ ശിക്ഷയേറിയതാണ്. ഹറമിൽ വെച്ച് ചെയ്യുന്ന തെറ്റുകൾ അധികരിക്കപ്പെടുന്നത് എണ്ണത്തിലല്ല, മറിച്ച് വണ്ണത്തിലാണ്.

മൂന്ന്:- ഒരു മുസ്‌ലിം ഈ മദീനയിൽ വെച്ച് പരലോകത്ത് പതിൻമടങ്ങ് ലാഭം ലഭിക്കുന്ന കാര്യങ്ങളിൽ വ്യാപൃതനാകേണ്ടതാണ്.

അതിനുള്ള മാർഗം റസൂൽ ﷺ യുടെ പള്ളിയിൽ വെച്ച് കഴിവിന്റെ പരമാവധി നമസ്കാരങ്ങൾ നിർവ്വഹിച്ച് നബി ﷺ യുടെ വാക്കിലൂടെ വാഗ്ദാനം നൽകപ്പെട്ട മഹാ പ്രതിഫലം കരസ്ഥമാക്കാൻ ശ്രമിക്കലാണ്. കാരണം നബി ﷺ പറഞ്ഞു:

«صلاةٌ في مسجدي هذا خيْر من ألف صلاةٍ فيما سواه إلاّ المسْجد الحرام»

"എന്റെ ഈ പള്ളിയിൽ വെച്ചുള്ള ഒരു നമസ്കാരത്തിന് മസ്ജിദുൽ ഹറാം അല്ലാത്ത മറ്റു പള്ളികളിൽ വെച്ച് നമസ്കരിക്കുന്നതിനേക്കാൾ ആയിരത്തിൽ പരം നമസ്കാരത്തിന്റെ പ്രതിഫലം ലഭിക്കുന്നതാണ്." (ബുഖാരി, മുസ്‌ലിം)

നാല്:- ഒരു മുസ്‌ലിം ഈ മദീനയിൽ ജീവിക്കുമ്പോൾ നന്മയിൽ നല്ല മാതൃകയാവേണ്ടതാണ്. കാരണം പ്രകാശം പരന്ന ഈ നാട്ടിലാണ് അവൻ ജീവിക്കുന്നത്. ലോകത്തിന്റെ നാനാ ഭാഗങ്ങളിലേക്കും സന്മാർഗികളായ പരിഷ്കർത്താക്കൾ പുറപ്പെട്ടതും ഇവിടെ നിന്നാണ്. അപ്പോൾ ഈ മദീനയിലേക്ക് വരുന്നവർക്ക് അവിടെ താമസിക്കുന്നവരിൽ ഉത്തമ മാതൃകയും നല്ല സ്വഭാവവും വിശേഷണങ്ങളും കാണാൻ സാധിക്കണം. അങ്ങനെ ഇവിടെ കണ്ട നന്മകളും അല്ലാഹുവിനെയും അവന്റെ റസൂൽ ﷺ യെയും അനുസരിക്കുന്നതിൽ സൂക്ഷ്മത കൈകൊള്ളുന്നതും കണ്ട് അതിന്റെ സ്വാധീനവും പ്രയോജനവുമായി അവന് തന്റെ നാട്ടിലേക്ക് തിരിച്ച് പോകുവാനും സാധിക്കും. എന്നാൽ ഇതിനു വിപരീതമായിട്ടാണ് ഒരാൾക്ക് ഇവിടെ ദർശിക്കാൻ സാധിക്കുന്നതെങ്കിൽ പ്രയോജനമുണ്ടാകുന്നതിന് പകരം ഉപദ്രവവും ആക്ഷേപവുമാണ് ഉണ്ടാവുക.

അഞ്ച്:- മദീനയിലായിരിക്കുമ്പോൾ അവൻ പവിത്രമായ ഒരു ഭൂമിയിലാണുള്ളത് എന്ന് ഓർക്കേണ്ടതാണ്. അത് വഹ്‌യിറങ്ങിയ സ്ഥലവും, ഈമാനിന്റെ അഭയകേന്ദ്രവും, റസൂലും മുഹാജിറുകളും അൻസ്വാറുകളുമടക്കമുള്ള സ്വഹാബാക്കളും നടന്ന സ്ഥലവുമാണ്. അവർ ഈ ഭൂമിയിൽ നന്മയിലൂടെയും സത്യമാർഗത്തിലൂടെയുമാണ് സഞ്ചരിച്ചത്. അവർ കാണിച്ചു തന്ന മാർഗത്തിന് വിപരീതമായി സഞ്ചരിക്കുന്നത് അവൻ സൂക്ഷിക്കേണ്ടതാണ്. അങ്ങിനെ അല്ലാഹുവിനെ വെറുപ്പിക്കുന്ന രീതിയിൽ അവൻ നീങ്ങിയാൽ അല്ലാഹുവിന്റെ കോപവും, ഇഹത്തിലും പരത്തിലും മോശമായ മടക്കവും അവന് ഉണ്ടാകുന്നതാണ്.

ആറ്:- മദീനയിൽ താമസിക്കുവാൻ അല്ലാഹു ഭാഗ്യം നൽകിയവൻ അവിടെ വെച്ച് ദീനിലില്ലാത്ത പുതിയ വല്ലതും ചെയ്യുന്നതും



അങ്ങിനെ ചെയ്യുന്നവർക്ക് അഭയം നൽകുന്നതും സൂക്ഷിക്കേണ്ടതാണ്. അപ്രകാരം ചെയ്താൽ അവൻ ശാപത്തിന് വിധേയനാകുന്നതാണ്. കാരണം നബി ﷺ പറഞ്ഞിരിക്കുന്നു:

المدينة حرمٌ، فَمَنْ أحدَث فيها حَدَثاً أوْ آوى مُحْدِثاً فعليْه لعْنَةُ اللّه والملائكة والنّاس أجْمعِين، لا يُقبل منه يوم القيامة عدْلٌ ولا صرفٌ.

"മദീന ഹറമാണ്, അവിടെ ആരെങ്കിലും മതത്തിലില്ലാത്തത് വല്ലതും ചെയ്യുകയോ അല്ലെങ്കിൽ അങ്ങിനെ ചെയ്യുന്നവന്ന് അഭയം നൽകുകയോ ചെയ്താൽ അല്ലാഹുവും മലക്കുകളും മുഴുവൻ ജനങ്ങളും അവനെ ശപിക്കുന്നതാണ്. അന്ത്യനാളിൽ അവനിൽ നിന്ന് ഫർദോ സുന്നത്തോ സ്വീകരിക്കപ്പെടുകയില്ല." ഈ ഹദീഥ് അബൂഹുറൈറ رضي الله عنه വിലൂടെ മുസ്‌ലിമും അലി رضي الله عنه വിലൂടെ ബുഖാരിയും, മുസ്‌ലിമും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഏഴ്:- മദീനയിലെ മരങ്ങൾ മുറിക്കുവാനോ മൃഗങ്ങളെ വേട്ടയാടുവാനോ പാടുള്ളതല്ല.

റസൂൽ ﷺ പറയുന്നു:

«إنّ إبراهيمَ حَرّمَ مكّة وإنّي حرّمْتُ المدينةَ ما بيْن لابتيها. لا يُقْطَعُ عضاهُها. ولا يُصادُ صَيْدُها»

"നിശ്ചയം, ഇബ്‌റാഹീം عليه السلام മക്കയെ ഹറമാക്കി, മദീനയിലെ രണ്ടു കറുത്തപാറകൾക്കിടയിലുള്ള സ്ഥലത്തെ ഞാനും ഹറമാക്കി പ്രഖ്യാപിക്കുന്നു. അതിലെ ചെടികൾ മുറിക്കുവാനോ അവിടെ വേട്ടയാടുവാനോ പാടുള്ളതല്ല."

ഈ ഹദീഥ് മുസ്‌ലിം ജാബിറുബ്നു അബ്ദുല്ല رضي الله عنه വിലൂടെ റിപ്പോർട്ട് ചെയ്തതാണ്.

സഅ്ദുബ്നു അബീ വഖാസ് رضي الله عنه വിൽനിന്ന് മുസ്‌ലിം റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീഥിൽ കാണാം:

നബി ﷺ പറഞ്ഞു:

«إنّي أُحرِّمُ ما بين لابتي المدينة أن يُقطَعَ عِضاهُها أو يُقْتَلَ صَيْدُهَا»

"മദീനയിലെ രണ്ട് കറുത്തപാറകൾക്കിടയിലുള്ള പ്രദേശത്തെ ചെടികൾ മുറിക്കുന്നതും അവിടെ വേട്ടയാടുന്നതും ഞാൻ നിഷിദ്ധമാക്കിയിരിക്കുന്നു." (മുസ്‌ലിം)

അനസ് ﵁വിനോട് ആസിമുബ്നു സുലൈമാനുൽ അഹ്‌വൽ ചോദിച്ചു:

«أَحرّم رسول اللّه ﷺ المدينة؟ قال : نعم، ما بين كذا إلى كذ لا يُقْطع شجرها، من أحدث فيها حدثا فعليه لعنة اللّه والملائكة و النّاس أجمعين»

"റസൂൽ ﷺ മദീനയെ ഹറമാക്കി പ്രഖ്യാപിച്ചുവോ? അദ്ദേഹം പറഞ്ഞു: അതെ, ഇന്ന സ്ഥലം മുതൽ ഇന്ന സ്ഥലം വരെ. ഇവിടെയുള്ള മരങ്ങൾ മുറിക്കുവാൻ പാടില്ല. ആരെങ്കിലും ഇവിടെ വെച്ച് ദീനിലില്ലാത്ത പുതിയ കാര്യങ്ങൾ വല്ലതും ചെയ്താൽ അല്ലാഹുവും മലക്കുകളും മുഴുവൻ ജനങ്ങളും അവനെ ശപിക്കുന്നതാണ്." (ബുഖാരി, മുസ്‌ലിം)

അബൂഹുറൈറ ﵁ പറയാറുണ്ടായിരുന്നു:

«لو رأيتُ الظّباء بالمدينة ترتع ما ذعرتها، قال رسول اللّه صلى الله عليه وسلم : ما بين لا بتيها حرام»

"മദീനയിൽ ഒരു മാൻ മേയുന്നത് കണ്ടാൽ ഞാനതിനെ ഭയപ്പെടുത്തുകയില്ല. കാരണം, റസൂൽ ﷺ പറഞ്ഞിരിക്കുന്നു: മദീനയിലെ രണ്ട് കറുത്ത പാറകൾക്കിടയിലുള്ള പ്രദേശം ഹറമാണ്." (ബുഖാരി, മുസ്‌ലിം)

ഹദീഥുകളിൽ പറഞ്ഞ 'മുറിക്കാൻ പാടില്ലാത്ത മരങ്ങൾ' എന്നത് സ്വയം ഉണ്ടായ മരങ്ങളാണ്. എന്നാൽ ജനങ്ങൾ വെച്ചുപിടിപ്പിച്ചതും കൃഷി ചെയ്തതുമായ മരങ്ങൾ അവർക്ക് മുറിക്കാവുതാണ്.

എട്ട്:- മദീനയിൽ വെച്ചുണ്ടാകുന്ന പ്രയാസങ്ങളിലും ബുദ്ധിമുട്ടുകളിലും, ജീവിതത്തിലെ കുടുസ്സതകളിലും ഒരു മുസ്‌ലിം ക്ഷമ കൈക്കൊള്ളേണ്ടതാണ്.

അബൂഹുറൈറ ﵁ വിൽ നിന്നും നിവേദനം ചെയ്ത ഹദീഥിൽ നബി ﷺ പറയുന്നു:

«لا يصبر على لأواء المدينة وشدّتها أحد من أمتي، إلاّ كنتُ له شفيعا



يوم القيامة أو شهيدا»

"എന്റെ സമുദായത്തിൽപെട്ട ആരെങ്കിലും മദീനയിലുണ്ടാകുന്ന കഷ്ടതകളിലും ബുദ്ധിമുട്ടുകളിലും ക്ഷമിച്ചു നിന്നാൽ അന്ത്യനാളിൽ അവന്ന് ഞാൻ സാക്ഷിയും ശുപാർശകനും ആയിത്തീരുതാണ്." (മുസ്‌ലിം)

സ്വഹീഹ് മുസ്‌ലിമിൽ തന്നെ വീണ്ടും നമുക്ക് കാണാം:

അബൂ സഈദ് മൗലൽ മഹ്‌രി, ഹർറ യുദ്ധ രാത്രിയിൽ അബൂ സഈദിൽ ഖുദ്‌രി ﵁ വിന്റെ അടുക്കൽ വന്നു. എന്നിട്ട് അദ്ദേഹത്തോട് മദീന വിട്ട് പോകുന്നതിനെകുറിച്ച് അഭിപ്രായം ചോദിച്ചു. സന്താന വർധനവിനെക്കുറിച്ചും സാധനങ്ങളുടെ വിലകളെക്കുറിച്ചും പരാതി പറയുകയും മദീനയിലെ കഷ്ടപ്പാടുകളിൽ ക്ഷമിച്ച് നിൽക്കാൻ അദ്ദേഹത്തിന് സാധിക്കുകയില്ല എന്നും അറിയിച്ചു. അപ്പോൾ അബൂ സഈദുൽ ഖുദ്‌രി ﵁ അദ്ദേഹത്തോട് പറഞ്ഞു: 'നിനക്ക് നാശം!' ഞാൻ നിന്നോടതിന് നിർദ്ദേശിക്കുകയില്ല, കാരണം റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്:

«لا يصبر أحد على لأوائها فيموت إلاّ كنت له شفيعا يوم القيامة، إذا كان مسلما»

"ആരെങ്കിലും മദീനയിലെ പ്രയാസങ്ങളിൽ ക്ഷമിച്ചു നിൽക്കുകയും അങ്ങിനെ മരണപ്പെടുകയുമാണെങ്കിൽ അന്ത്യനാളിൽ ഞാൻ അവന്ന് ശുപാർശകനായിത്തീരുന്നതാണ്; അവൻ മുസ്‌ലിമാണെങ്കിൽ" (മുസ്‌ലിം)

ഒമ്പത്:- അവിടെയുള്ളവരെ ഉപദ്രവിക്കാൻ പാടില്ല, കാരണം മുസ്‌ലിംകളെ ഉപദ്രവിക്കൽ ഏത് സ്ഥലത്താണെങ്കിലും നിഷിദ്ധമാണ്. എന്നാൽ ഈ വിശുദ്ധ നാട്ടിൽ വെച്ചാണ് ചെയ്യുന്നതെങ്കിൽ ശിക്ഷ കഠിനവും ഗുരുതരവുമാണ്.

സഅദുബ്നു അബീ വഖാസ് ﵁ വിൽനിന്ന് ബുഖാരി ഉദ്ധരിക്കുന്നു, അദ്ദേഹം പറയുന്നു: നബി ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്:

لا يكيدُ أهلَ المدينة أحدٌ إلاّ انماع كما ينماع المِلْحُ في الماء

"മദീനക്കാരോട് ആരെങ്കിലും കുതന്ത്രം പ്രയോഗിച്ചാൽ, ഉപ്പ് വെള്ളത്തിൽ അലിയുന്നത് പോലെ അവൻ അലിഞ്ഞു തീരുന്നതാണ്." (ബുഖാരി)

അബൂ ഹുറൈറ ﷺ യിൽ നിന്നും നിവേദനം: റസൂൽ ﷺ പറഞ്ഞിരിക്കുന്നു:

«من أراد أهل هذه البلدة بسوء يعني المدينة أذابه الله كما يذوبُ المِلْحُ في الماء»

“ആരെങ്കിലും ഈ നാട്ടിൽ, അഥവാ മദീനയിൽ വെച്ച് അവിടെയുള്ളവരെ ഉപദ്രവിക്കാൻ ഉദ്ദേശിച്ചാൽ ഉപ്പ് വെള്ളത്തിൽ ഉരുകുന്നത് പോലെ അല്ലാഹു അവനെ ഉരുക്കിക്കളയുന്നതാണ്.” (മുസ്‌ലിം)

പത്ത് : ആരെങ്കിലും ‘ഞാൻ മദീനയിൽ താമസിക്കുകയാണല്ലോ, അതിനാൽ ഞാൻ നന്മയിലാണ്’ എന്ന് കരുതി സ്വയം വഞ്ചിതനാവാൻ പാടില്ല. വെറും താമസം കൊണ്ട് മാത്രം കാര്യമില്ല, മറിച്ച് സൽകർമങ്ങളനുഷ്ഠിക്കുകയും അല്ലാഹുവിന്റെയും റസൂലിന്റെയും മാർഗത്തിൽ നിലകൊള്ളുകയും, തെറ്റുകുറ്റങ്ങളിൽ നിന്ന് വിട്ടു നിൽക്കുകയും വേണം. ഇല്ലെങ്കിൽ ആ താമസം കൊണ്ട് അവന്ന് യാതൊരു പ്രയോജനവുമില്ലെന്ന് മാത്രമല്ല അതവന്ന് ഉപദ്രവവും കൂടിയാണ്.

ഇമാം മാലിക് ﷺ തന്റെ ‘മുവത്വ’യിൽ രേഖപ്പെടുത്തുന്നു.

സൽമാനുൽ ഫാരിസി ﷺ പറഞ്ഞു:

«إنّ الأرض لا تُقدّس أحدًا، وإنّما يُقدّسُ الإنسان عملُه»

“തീർച്ചയായും ഭൂമി ഒരാളെയും പരിശുദ്ധനാക്കുന്നില്ല, എന്നാൽ മനുഷ്യനെ പരിശുദ്ധനാക്കുന്നത് അവന്റെ കർമങ്ങളാണ്.”

ഇതിന്റെ പരമ്പര മുറിഞ്ഞുപോയിട്ടുണ്ട്. എങ്കിലും ആശയം ശരിയാണ്. വാസ്തവത്തോട് യോജിക്കുന്നതുമാണ്.

അല്ലാഹു പറയുന്നു:

إِنَّ أَكْرَمَكُمْ عِندَ ٱللَّهِ أَتْقَىٰكُمْ

“തീർച്ചയായും അല്ലാഹുവിന്റെയടുക്കൽ നിങ്ങളിൽ ഏറ്റവും ആദരണീയർ നിങ്ങളിൽ ഏറ്റവും ധർമ നിഷ്ഠ പാലിക്കുന്നവനാകുന്നു.” (ഹുജറാത്ത് : 13)

മദീനയിൽ വിവിധ കാലഘട്ടങ്ങളിൽ നല്ലയാളുകളും ചീത്തയാളുകളും ഉണ്ടായിട്ടുണ്ട്. നല്ലവർക്ക് അവരുടെ കർമങ്ങൾ ഉപകാരപ്പെടും, ചീത്തയാളുകളെ മദീന പരിശുദ്ധനാക്കുകയോ അവരുടെ സ്ഥാനം ഉയർത്തുകയോ ചെയ്തില്ല.



ഇത് തറവാടിത്തം പോലെയാണ്. സൽകർമങ്ങളൊന്നുമില്ലാതെ തറവാടിത്തം മാത്രം കൊണ്ട് മനുഷ്യന് അല്ലാഹുവിന്റെയടുക്കൽ ഉപകാരമുണ്ടാവില്ല.

റസൂൽ ﷺ പറയുന്നു:

«ومَن بَطّأ به عمله لم يسرع به نسبه»

‘ആരെങ്കിലും സ്വർഗത്തിൽ പ്രവേശിക്കുന്നതിൽ നിന്ന് അവന്റെ കർമങ്ങൾ പിന്തിപ്പിച്ചാൽ അവന്റെ തറവാടിത്തം അവനെ മുന്തിക്കുന്നതല്ല.’ (മുസ്‌ലിം)

പതിനൊന്ന്: ഈ മദീനയിലായിരിക്കുമ്പോൾ ഒരു മുസ്‌ലിം മനസ്സിലാക്കേണ്ട ഒന്നാണ്, താൻ പ്രകാശപൂരിതമായ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഉപകാരപ്രദമായ വിജ്ഞാനം വ്യാപിപ്പിച്ച നാട്ടിലാണുള്ളത് എന്ന്. അതിനാൽ അവൻ അല്ലാഹുവിന്റെ മാർഗത്തിൽ സഞ്ചരിക്കുവാനുള്ള മതപരമായ അറിവുകൾ കരസ്ഥമാക്കാൻ താൽപര്യം കാണിക്കുകയും എന്നിട്ട് ഉൾകാഴ്ചയോടെ മറ്റുള്ളവരെ ആ സന്മാർഗത്തിലേക്ക് ക്ഷണിക്കുകയും വേണം. പ്രത്യേകിച്ച് റസൂൽ ﷺ ന്റെ പള്ളിയിൽ വെച്ച് തന്നെ അറിവ് നേടുന്നതിന്. കാരണം, അബൂഹുറൈറ ﷺ വിൽ നിന്നും നിവേദനം ചെയ്യുന്ന ഒരു ഹദീഥിൽ റസൂൽ ﷺ പറയുന്നു:

«مَن دخل مسجدنا هذا يتعلّمُ خيرًا أو يعلّمه كان كالمجاهد في سبيل الله،
ومن دخله لغير ذلك كان كالناظرِ إلى ما ليسَ له»

“ആരെങ്കിലും നമ്മുടെ ഈ പള്ളിയിൽ പ്രവേശിച്ച് നന്മ പഠിക്കുകയോ പഠിപ്പിക്കുകയോ ചെയ്താൽ അവൻ അല്ലാഹുവിന്റെ മാർഗത്തിൽ ധർമസമരം നടത്തുന്നവനെപ്പോലെയാണ്. അതിനല്ലാതെയാണ് ആരെങ്കിലും പ്രവേശിക്കുന്നതെങ്കിൽ അവൻ തന്റേതല്ലാത്തതിലേക്ക് നോക്കുന്നവനെപ്പോലെയാണ്.” (അഹ്മദ്, ഇബ്നുമാജ) ത്വബ്റാനിയിൽ സഹ്ലുബ്നു സഅദ് ﷺ വിൽ നിന്ന് ഇതിനെ സാക്ഷ്യപ്പെടുത്തുന്ന മറ്റൊരു റിപ്പോർട്ട് വന്നിട്ടുണ്ട്.

# മദീനാ സന്ദർശനത്തിന്റെ മര്യാദകൾ

മദീനയിൽ താമസിക്കുന്നവർ പാലിക്കേണ്ട മര്യാദകളുള്ളത് പോലെ അവിടം സന്ദർശിക്കുന്നതിനും മര്യാദകളുണ്ട്. മദീനയിലെ താമസക്കാർ പാലിക്കേണ്ടതായ മുൻപറഞ്ഞ മര്യാദകൾ സന്ദർശകരും പാലിക്കേണ്ടതുതന്നെയാണ്. മദീനയിലേക്ക് വരാൻ ഉദ്ദേശിച്ചവൻ അവന്റെ യാത്ര കൊണ്ട് ലക്ഷ്യം വെക്കേണ്ടത് മസ്ജിദുന്നബവി സന്ദർശിക്കലാണ്. നബി ﷺ പറഞ്ഞു:

«لاتُشَدُّ الرِّحالُ إلا إلى ثلاثة مساجد: المسجدُ الحرام، ومسجِدي هذا، والمسجد الأقصى»

'മസ്ജിദുൽ ഹറാം, എന്റെ ഈ പള്ളി (മസ്ജിദുന്നബവി), മസ്ജിദുൽ അഖ്സ എന്നീ മൂന്ന് പള്ളികളിലേക്ക് മാത്രമേ (പുണ്യമുദ്ദേശിച്ച് കൊണ്ട്) യാത്ര കെട്ടി പുറപ്പെടാൻ പാടുള്ളൂ". (ബുഖാരി, മുസ്‌ലിം)

അല്ലാഹുവിലേക്ക് അടുക്കുന്നതിന് വേണ്ടി ഈ മൂന്ന് പള്ളികളിലേക്കല്ലാതെ മറ്റേതെങ്കിലും പ്രദേശത്തേക്കോ പള്ളിയിലേക്കോ യാത്ര കെട്ടി പുറപ്പെടുന്നത് പാടില്ലെന്ന് ഈ ഹദീഥ് നമ്മെ പഠിപ്പിക്കുന്നു.

അബൂഹുറൈറ ﵁ വിൽ നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: ബസ്റതുബ്നു അബീ ബസ്റ അൽ ഗിഫാരി ﵁ വിനെ ഞാൻ കണ്ടുമുട്ടി. അപ്പോൾ അദ്ദേഹം എന്നോട് ചോദിച്ചു: നീ



എവിടെ നിന്നാണ് വരുന്നത്? ഞാൻ പറഞ്ഞു: തൂർ പർവതത്തിൽ നിന്ന്, അപ്പോൾ അദ്ദേഹം പറഞ്ഞു: നീ അവിടെ പോകുന്നതിന് മുമ്പ് ഞാൻ നിന്നെ കണ്ടിരുന്നുവെങ്കിൽ നീ അവിടെ പോകുമായിരുന്നില്ല. അപ്പോൾ ഞാൻ അദ്ദേഹത്തോട് ചോദിച്ചു: എന്ത് കൊണ്ടാണത്? അദ്ദേഹം പറഞ്ഞു: റസൂൽ ﷺ ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്.

«لا تُعْمَلُ المَطِيُّ إلاّ إلى ثلاثة مساجد: المسجد الحرام، ومسجدي، ومسجد بيت المقدس»

"മസ്ജിദുൽ ഹറാം, എന്റെ പള്ളി (മസ്ജിദുന്നബവി), ബൈതുൽ മഖ്ദിസ് (മസ്ജിദുൽ അഖ്സ), എന്നീ മൂന്ന് പള്ളികളിലേക്കല്ലാതെ സവാരി ചെയ്യാൻ പാടില്ല." (സുനനു നസാഇ)

ഈ ഹദീഥ് സ്വഹീഹാണ്. ഈ മൂന്ന് പള്ളികളിലേക്കല്ലാതെ മറ്റേത് സ്ഥലത്തേക്കും പുണ്യമുദ്ദേശിച്ച് യാത്രപുറപ്പെടുതിനെ തടയാൻ ബസ്റതുബ്നു അബീബസ്റതുൽ ഗിഫാരി ﵁ ഈ ഹദീഥ് തെളിവാക്കുന്നത് ഇവിടെ ദർശിക്കാം.

## സന്ദർശന സ്ഥലങ്ങൾ

ഈ അനുഗ്രഹീത മദീനയിലെത്തിയ ഒരാൾക്ക് രണ്ട് പള്ളികളും മൂന്ന് ഖബറിടങ്ങളുമാണ് സന്ദർശിക്കൽ പുണ്യമാക്കപ്പെട്ടിട്ടുള്ളത്.

**രണ്ട് പള്ളികൾ:** 1) റസൂൽ ﷺ യുടെ പള്ളി
2) ഖുബാ പള്ളി

ഇവയിൽ വെച്ച് നമസ്കരിക്കുന്നതിന്റെ ശ്രേഷ്ഠതയെക്കുറിച്ച് നാം മുമ്പ് പറഞ്ഞു കഴിഞ്ഞു.

**മൂന്ന് ഖബറിടങ്ങൾ:**

1 - റസൂൽ ﷺ യുടെയും തങ്ങളുടെ രണ്ട് കൂട്ടുകാരായ അബൂബക്കർ ﵁, ഉമർ ﵁ എന്നിവരുടെയും ഖബ്റുകൾ.

2- ബഖീഅ് ഖബർസ്ഥാൻ

3- ഉഹദിൽ ശഹീദായവരുടെ ഖബറിടം.

## ഖബ്ർ സന്ദർശിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

സന്ദർശകൻ റസൂൽ ﷺ യുടെയും രണ്ട് കൂട്ടുകാരുടെയും ഖബ്റിന്റടുക്കൽ വരുമ്പോൾ മുൻഭാഗത്തിലൂടെ വന്ന് ഖബ്റിന് അഭി

മുഖമായി മതം അനുവദിച്ച സന്ദർശനം നടത്തണം, മതത്തിലില്ലാത്ത ബിദ്ഈ സന്ദർശനത്തിൽ നിന്ന് വിട്ട് നിൽക്കുകയും വേണം.

## അനുവദിക്കപ്പെട്ട സിയാറത്ത്

അനുവദനീയമായ സിയാറത്ത് നബി ﷺ ക്ക് സലാം പറയലും ശബ്ദം കുറച്ചും മര്യാദ പാലിച്ചും നബി ﷺ ക്ക് വേണ്ടി പ്രാർത്ഥിക്കലുമാണ്. എന്നിട്ട് ഇപ്രകാരം പറയണം.

السّلام علَيْكَ يا رَسولَ اللّه وَرَحْمَةُ اللّه وبَرَكاتُه صَلّى اللّه وَسَلّم وبَارَك عَليْكَ، وجزاك أفضلَ ما جزى نَبِيًّا عَنْ أُمَّته

"അല്ലാഹുവിന്റെ ദൂതരേ, താങ്കളുടെ മേൽ സമാധാനവും അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും ഉണ്ടാവട്ടെ, ഏതൊരു നബിക്കും തന്റെ സമുദായത്തിന് വേണ്ടി പ്രതിഫലം നൽകപ്പെട്ടതിൽ ഉത്തമമായ പ്രതിഫലം താങ്കൾക്കും നൽകട്ടെ!"

പിന്നെ അബൂബക്കർ ؓ വിനും സലാം പറയുകയും അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കുകയും വേണം.

അല്ലാഹുവിൽ നിന്നും മറ്റൊരാൾക്കും ലഭിക്കാത്ത ആദരവ് ഈ രണ്ട് ഖലീഫമാരായ മഹത് വ്യക്തിത്വങ്ങൾക്ക് ലഭിച്ചിട്ടുണ്ട് എന്നത് അറിഞ്ഞിരിക്കൽ അനിവാര്യമാണ്.

## അബൂബക്കർ ؓ

അല്ലാഹു റസൂൽ ﷺയെ സത്യവും സന്മാർഗവുമായി നിയോഗിച്ചപ്പോൾ തിരുമേനിയിൽ ആദ്യമായി വിശ്വസിച്ചത് അബൂബക്കർ ؓ ആയിരുന്നു. പ്രവാചകനായി നിയോഗിക്കപ്പെട്ട ശേഷം നബി ﷺയുടെ കൂടെ അദ്ദേഹം മക്കയിൽ 13 വർഷം കഴിഞ്ഞുകൂടി. മദീനയിലേക്ക് ഹിജ്റ പോകാൻ റസൂൽ ﷺക്ക് അല്ലാഹു അനുവാദം നൽകിയപ്പോൾ റസൂൽ ﷺയുടെ കൂടെ പോയതും അബൂബക്കർ ؓ ആയിരുന്നു. ഈ സംഭവത്തെക്കുറിച്ചാണ് അല്ലാഹു ഖുർആനിക വചനങ്ങളിറക്കിയത്.



അല്ലാഹു പറയുന്നു:

إِلَّا تَنصُرُوهُ فَقَدْ نَصَرَهُ ٱللَّهُ إِذْ أَخْرَجَهُ ٱلَّذِينَ كَفَرُوا۟ ثَانِىَ ٱثْنَيْنِ إِذْ هُمَا فِى ٱلْغَارِ إِذْ يَقُولُ لِصَـٰحِبِهِۦ لَا تَحْزَنْ إِنَّ ٱللَّهَ مَعَنَا ۖ فَأَنزَلَ ٱللَّهُ سَكِينَتَهُۥ عَلَيْهِ وَأَيَّدَهُۥ بِجُنُودٍ لَّمْ تَرَوْهَا وَجَعَلَ كَلِمَةَ ٱلَّذِينَ كَفَرُوا۟ ٱلسُّفْلَىٰ ۗ وَكَلِمَةُ ٱللَّهِ هِىَ ٱلْعُلْيَا ۗ وَٱللَّهُ عَزِيزٌ حَكِيمٌ ﴿٤٠﴾

"നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ, സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും അദ്ദേഹം രണ്ടുപേരിൽ ഒരാൾ ആയിരിക്കുകയും ചെയ്ത സന്ദർഭത്തിൽ, അഥവാ അവർ രണ്ടു പേരും (നബി ﷺ യും, അബൂബക്കർ ؓവും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൂട്ടുകാരനോട് 'ദുഃഖിക്കേണ്ട, തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട്' എന്ന് പറഞ്ഞ സന്ദർഭം. അപ്പോൾ അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കിക്കൊടുക്കുകയും നിങ്ങൾ കാണാത്ത സൈന്യങ്ങളെ കൊണ്ട് അദ്ദേഹത്തിന് പിൻബലം നൽകുകയും, സത്യനിഷേധികളുടെ വാക്കിനെ അവൻ ഏറ്റവും താഴ്ത്തിക്കളയുകയും ചെയ്തു. അല്ലാഹുവിന്റെ വാക്കാണ് ഏറ്റവും ഉയർന്നു നിൽക്കുന്നത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു." (അത്തൗബ: 40)

അദ്ദേഹം പത്ത് വർഷം മദീനയിൽ നബി ﷺ യെ പിന്തുടരുകയും നബി ﷺ യുടെ കൂടെ എല്ലാ യുദ്ധങ്ങളിലും പങ്കെടുക്കുകയും ചെയ്തു. റസൂൽ ﷺ മരണപ്പെട്ടപ്പോൾ അദ്ദേഹം ഖലീഫയായി സ്ഥാനം ഏറ്റെടുക്കുകയും നല്ല നിലയിൽ ഉത്തരവാദിത്തം നിർവഹിക്കുകയും ചെയ്തു. മരണപ്പെട്ടപ്പോൾ റസൂൽ ﷺയുടെ ഖബറിന്റെയടുത്ത് മറവ് ചെയ്യപ്പെടാനും അല്ലാഹു അദ്ദേഹത്തെ ആദരിച്ചു. ഉയർത്തെഴുന്നേൽപ്പിന്റെ നാളിൽ അദ്ദേഹം നബി ﷺയുടെ കൂടെ സ്വർഗത്തിലുമായിരിക്കും. അത് അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു. അവനുദ്ദേശിക്കുന്നവർക്ക് അവൻ അത് നൽകുന്നു. അല്ലാഹു മഹത്തായ അനുഗ്രഹം നൽകുന്നവനത്രെ.

## ഉമർ ﵁

ഉമറുബ്നുൽ ഖത്ത്വാബ് ﵁ ഇസ്‌ലാമിലേക്ക് കടന്ന് വന്നപ്പോൾ നാൽപ്പതോളം വരുന്ന ആളുകൾ മാത്രമേ മുസ്‌ലിമായിട്ടുള്ളൂ. അദ്ദേഹം മുസ്‌ലിംകളുടെ കഠിന വിരോധിയായിരുന്നു. അല്ലാഹു അദ്ദേഹത്തെ ഇസ്‌ലാമിലേക്ക് നയിച്ചപ്പോൾ അദ്ദേഹത്തിന്റെ ഊക്കും ശക്തിയും സത്യനിഷേധികൾക്കെതിരിലായി, മുസ്‌ലിംകൾക്കൊരു അന്തസുമായി. അബ്ദുല്ലാഹിബ്നു മസ്ഊദ് ﵁ പറഞ്ഞ പോലെ അദ്ദേഹത്തിന്റെ ഇസ്‌ലാം ആശ്ലേഷണം മുസ്‌ലിംകൾക്ക് പ്രതാപമായിരുന്നു. അദ്ദേഹം പറഞ്ഞു:

«ما زلنا أعزّة منذ أسلم عمر»

“ഉമർ ഇസ്‌ലാം സ്വീകരിച്ചത് മുതൽ ഞങ്ങൾ പ്രതാപികൾ തന്നെയാണ്” (ബുഖാരി).

ഉമർ ﵁ നബി ﷺയോടൊപ്പം മക്കയിൽ സഹവസിക്കുകയും മദീനയിലേക്ക് ഹിജ്റ പോവുകയും അദ്ദേഹത്തോടൊപ്പം എല്ലാ യുദ്ധങ്ങളിലും പങ്കെടുക്കുകയും ചെയ്തു. നബി ﷺയുടെ മരണശേഷം അബൂബക്കർ ﵁ ഖിലാഫത്ത് ഏറ്റെടുത്തപ്പോൾ ഉമർ ﵁ അദ്ദേഹത്തിന്റെ വലംകൈയ്യായിരുന്നു.

പിന്നെ അബൂബക്കർ ﵁വിന്ന് ശേഷം ഖിലാഫത്ത് ഏറ്റെടുക്കുകയും പത്ത് വർഷത്തിലധികം ഖലീഫയായി അദ്ദേഹം നിലകൊള്ളുകയും ചെയ്തു. യുദ്ധങ്ങളിൽ വിജയം കൈവരിക്കപ്പെടുകയും ഇസ്‌ലാമിക രാജ്യങ്ങളെ വികസിപ്പിക്കുകയും അക്കാലത്തുണ്ടായിരുന്ന രണ്ട് മഹാ സാമ്രാജ്യങ്ങളായ പേർഷ്യൻ, റോം എന്നീ രാജ്യങ്ങൾ തകർക്കപ്പെടുകയും ചെയ്തു. റസൂൽ ﷺ അറിയിച്ചത് പോലെ കിസ്റാ-കൈസർ രാജാക്കന്മാരുടെ ഖജനാവുകൾ അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കപ്പെട്ടു. അത് ഉമറുൽഫാറൂഖ് ﵁ന്റെ കരങ്ങൾ കൊണ്ടായിരുന്നു സംഭവിച്ചത്. അദ്ദേഹം മരണപ്പെട്ടപ്പോൾ റസൂലിന്റെ ഖബറിന്റെയടുക്കൽ മറമാടുകവഴി അല്ലാഹു അദ്ദേഹത്തെയും ആദരിച്ചു. ഉയിർത്തെഴുന്നേൽപിക്കപ്പെടുമ്പോൾ അദ്ദേഹം നബി ﷺയുടെ കൂടെ സ്വർഗത്തിലുമായിരിക്കും. അത് അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു. അവനുദ്ദേശിക്കുന്നവർക്ക് അവനത് നൽകുന്നു. അല്ലാഹു മഹത്തായ അനുഗ്രഹത്തിന്റെ ഉടമയത്രെ.



ഇത്രയൊക്കെ ശ്രേഷ്ഠതകളുള്ള ഈ രണ്ട് മഹത്‌വ്യക്തിത്വങ്ങളോടാണോ ചിലർക്ക് വെറുപ്പും ആക്ഷേപവുമുള്ളത്...!!? നിന്ദ്യരാകുന്നതിൽ നിന്നും അല്ലാഹുവിനോട് നാം രക്ഷ ചോദിക്കുന്നു.

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും സത്യ വിശ്വാസത്തോടെ ഞങ്ങൾക്കു മുമ്പ് കഴിഞ്ഞു പോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്ത് തരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ, ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു. ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സന്മാർഗത്തിലാക്കിയതിനു ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ, നിന്റെയടുക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ, തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു.

ഇബ്നു കഥീർ ﵀ അദ്ദേഹത്തിന്റെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൽ 4:31 ന്റെ വിവരണത്തിൽ ഇബ്നു അബീഹാത്തിം ﵁യിൽ നിന്നും മുഗീറ ﵁ പറഞ്ഞതായി ഉദ്ധരിക്കുന്നു. അല്ലാഹു പറയുന്നു:

إِن تَجْتَنِبُوا۟ كَبَآئِرَ مَا تُنْهَوْنَ عَنْهُ نُكَفِّرْ عَنكُمْ سَيِّـَٔاتِكُمْ وَنُدْخِلْكُم مُّدْخَلًا كَرِيمًا ﴿٣١﴾

“നിങ്ങളോട് നിരോധിക്കപ്പെടുന്ന വൻ പാപങ്ങൾ നിങ്ങൾ വർജ്ജിക്കുന്ന പക്ഷം നിങ്ങളുടെ തിന്മകളെ നിങ്ങളിൽ നിന്ന് നാം മാച്ചുകളയുകയും മാന്യമായ ഒരു സ്ഥാനത്ത് നിങ്ങളെ നാം പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്.” (അന്നിസാഅ്-31)

മുഗീറതുബ്നു മിഖ്സം ﵁ പറയുന്നു:

«شتْمُ أبي بكر و عمر – رضي اللّٰهُ عنْهما – من الكبائر»

“അബൂബക്കർ ﵁വിനെയും ഉമർ ﵁വിനെയും ചീത്ത പറയൽ വൻ പാപങ്ങളിൽപെട്ടതാണ്”. പിന്നീട് ഇബ്നു കഥീർ ﵀ പറയുന്നു: സ്വഹാബിമാരെ ചീത്ത പറയുവൻ കാഫിറായിപ്പോകുമെന്നാണ് ഒരു വിഭാഗം പണ്ഡിതന്മാരുടെ അഭിപ്രായം.

മാലികുബ്നു അനസ് ؓൽ നിന്നുള്ള ഒരു റിപ്പോർട്ടും ഇതു തന്നെയാണ്.

മുഹമ്മദ് ബ്നു സീരീൻ ؓ പറയുന്നു:

«ما أظنّ احدًا يُبْغِضُ أبابكر وعمر وهو يحبّ رسول اللّه ﷺ»

“അബൂബക്കർ ؓനെയും ഉമർ ؓനെയും വെറുക്കുന്ന ഒരാളും റസൂൽ ﷺയെ സ്നേഹിക്കുന്നുണ്ടെന്ന് എനിക്ക് തോന്നുന്നില്ല.” (തുർമുദി)

## മതത്തിലില്ലാത്ത സിയാറത്ത്; ഇതിൽ പല കാര്യങ്ങളും ഉൾപ്പെടുന്നു.

### 1- നബി ﷺയോട് പ്രാർത്ഥിക്കൽ:

അല്ലാഹുവിനോടല്ലാതെ മറ്റൊരാളോടും ചോദിക്കാൻ പാടില്ലാത്ത സഹായം ചോദിക്കൽ, ആവശ്യങ്ങൾ നിറവേറ്റി ത്തരുവാനും ദുരിതങ്ങൾ നീക്കുവാനും ആവശ്യപ്പെടൽ തുടങ്ങി റസൂലി ﷺനോട് പ്രാർത്ഥിക്കൽ. ഇത് പാടില്ലാത്തതാണ്. കാരണം പ്രാർത്ഥന ആരാധനയാണ്. ആരാധന അല്ലാഹുവിന് മാത്രമേ പാടുള്ളൂ. നബി ﷺ പറഞ്ഞിരിക്കുന്നു:

الـدعـاء هــو العبـادة

“പ്രാർത്ഥന; അതു തന്നെയാണ് ആരാധന”

ഇത് അബൂദാവൂദും തുർമുദിയും മറ്റും ഉദ്ധരിച്ച സ്വഹീഹായ ഹദീഥാണ്. തിർമിദി പറയുന്നു: “ഇത് ഹസനും സ്വഹീഹുമായ ഹദീഥാണ്”.

ആരാധന അല്ലാഹുവിന്റെ അവകാശമാണ്, അല്ലാഹുവിനുള്ള അവകാശം അല്ലാഹുവല്ലാത്തവർക്ക് നൽകാൻ പാടില്ല. കാരണം, അത് ശിർക്കാണ് (അല്ലാഹുവിൽ പങ്ക് ചേർക്കലാണ്). അല്ലാഹുവാണ് ആഗ്രഹങ്ങൾ നിറവേറ്റിത്തരുന്നത്, അവനോടാണ് നാം പ്രാർത്ഥിക്കേണ്ടത്. എന്നാൽ റസൂൽ ﷺക്ക് വേണ്ടി നാം പ്രാർത്ഥിക്കണം. മറിച്ച് അദ്ദേഹത്തോട് പ്രാർത്ഥിക്കാൻ പാടില്ല. അപ്രകാരം തന്നെ മറ്റു ഖബ്റാളികൾക്കും വേണ്ടി പ്രാർത്ഥിക്കണം, അവരോട് പ്രാർത്ഥിക്കാൻ പാടില്ല. റസൂൽ ﷺ അവിടുത്തെ ഖബ്റിൽ ശുഹദാക്കളുടെ ജീവിതത്തേക്കാൾ ഉയർന്ന ബർസഖി



യായ ജീവിതം നയിച്ചു കൊണ്ടിരിക്കുകയാണ് എന്നത് പ്രമാണ ങ്ങളിലൂടെ അറിയപ്പെട്ട സംഗതിയാണ്. എന്നാൽ പ്രസ്തുത ജീവിതത്തിന്റെ രൂപം അല്ലാഹുവിന് മാത്രമെ അറിയുകയുള്ളൂ. ഈ ജീവിതം മരണത്തിന് മുമ്പുള്ള ജീവിതത്തിൽ നിന്നും ഉയർത്തെ ഴുന്നേൽപിന്ന് ശേഷമുള്ള ജീവിതത്തിൽ നിന്നും വ്യത്യസ്തമാണ്. അപ്പോൾ റസൂൽ ﷺയോട് സഹായം ചോദിക്കുവാനോ അദ്ദേഹത്തോട് പ്രാർത്ഥിക്കുവാനോ പാടില്ല. കാരണം അത് ആരാധനയാണ്. മുമ്പ് പറഞ്ഞത് പോലെ ആരാധന അല്ലാഹുവിന് മാത്രമല്ലാതെ പാടില്ല.

### 2- നമസ്കാരത്തിലേത് പോലെ കൈകൾ വെക്കൽ

റസൂൽ ﷺക്ക് സലാം പറയാൻ പോകുമ്പോൾ നമസ്കാ രത്തിലേതു പോലെ കൈകൾ നെഞ്ചത്ത് വെക്കാൻ പാടുള്ളതല്ല. കാരണം അത് അല്ലാഹുവിനുള്ള താഴ്മയുടെയും വിനയത്തിന്റെയും രൂപമാണ്. ഒരു മുസ്‌ലിമിന് നമസ്കാരത്തിൽ തന്റെ റബ്ബിനോട് വിനയത്തോടെ പ്രാർത്ഥിക്കാൻ വേണ്ടിയുള്ള നിയമമാണത്. അല്ലാഹുവിന്റെ റസൂലിന്റെ സ്വഹാബികൾ അദ്ദേഹത്തിന്റെ ജീവിത കാലത്ത് പോലും അദ്ദേഹത്തിന്റെയടുക്കൽ വന്നാൽ സലാം പറയുമ്പോൾ അവരുടെ കൈകൾ നെഞ്ചിൽ വെച്ചിരുന്നില്ല. ഇതൊരു നല്ല കാര്യമായിരുന്നുവെങ്കിൽ സ്വഹാബാക്കൾ അതിൽ മുൻകടക്കുമായിരുന്നു.

### 3 - ചുമരുകളും ജനലുകളും തൊട്ട് തടവലും ചുംബിക്കലും

റസൂൽ ﷺയുടെ ഖബ്റിന് ചുറ്റുമുള്ള ജനലുകളും ചുമരുകളും തൊട്ട് തടവാൻ പാടില്ല. അപ്രകാരം തന്നെ പള്ളിയുടെ ഏത് ഭാഗത്താണെങ്കിലും ഇത് അനുവദനീയമല്ല. അത് നബി ചര്യയിലോ സച്ചരിതരായ മുൻഗാമികളുടെ പ്രവൃത്തിയിലോ ഉണ്ടായിട്ടില്ല. അവ ശിർക്കിലേക്കുള്ള മാർഗങ്ങളാണ്. അത് ചെയ്യുന്നവൻ നബി ﷺ യോടുള്ള സ്നേഹം കൊണ്ടാണ് ഞാനത് ചെയ്യുന്നത് എന്ന് ചില പ്പോൾ പറഞ്ഞേക്കും. യഥാർത്ഥത്തിൽ സ്വന്തം മാതാപിതാക്കളേ

ക്കാളും സന്താനങ്ങളേക്കാളും സർവ മനുഷ്യരേക്കാളും നബി ﷺ യോടുള്ള സ്നേഹം ഓരോ മുസ്ലിമിന്റെയും ഹൃദയത്തിലു ണ്ടാവേണ്ടതാണ്.

റസൂൽ ﷺ പറയുന്നു:

«لا يؤمن أحدكم حتى أكون أحبّ إليه من والده و ولده و النّاس أجمعين»

“ഒരാൾ തന്റെ മാതാപിതാക്കളേക്കാളും മക്കളേക്കാളും മുഴുവൻ ജനങ്ങളേക്കാളും ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്നത് എന്നെയായിരിക്കുന്നത് വരെ നിങ്ങളിൽ ഒരാളും തന്നെ യഥാർഥ വിശ്വാസിയാവുകയില്ല”(ബുഖാരി, മുസ്ലിം)

അതിനാൽ ഒരാൾക്ക് തന്റെ സ്വശരീരത്തേക്കാൾ വലുതാ യിരിക്കണം നബി ﷺയോടുള്ള സ്നേഹം. അത് ബുഖാരിയിൽ ഉമർ ؓവിന്റെ ഒരു ഹദീഥിൽ സ്ഥിരപ്പെട്ട് വന്നിട്ടുണ്ട്.

ഒരാൾക്ക് സ്വശരീരത്തേക്കാളും മാതാപിതാക്കളേക്കാളും മക്കളേക്കാളും കൂടുതൽ സ്നേഹം നബി ﷺയോടായിരിക്കണം എന്ന് പറയാൻ കാരണം, നബി ﷺയുടെ കരങ്ങളാൽ അല്ലാഹു മുസ്ലിംകൾക്ക് എത്തിച്ച അനുഗ്രഹങ്ങൾ അതിമഹത്തരമാണ്. അതായത്, ഇസ്ലാമെന്ന അനുഗ്രഹം, സന്മാർഗമെന്ന അനുഗ്രഹം, ഇരുളിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ട് വരപ്പെട്ട അനുഗ്രഹം; അതാണ് ഏറ്റവും വലിയ അനുഗ്രഹം, അതിന് സമാനമായ മറ്റൊരു അനുഗ്രഹവും തന്നെയില്ല.

പക്ഷേ, ഈ സ്നേഹത്തിന്റെ അടയാളം ചുമരുകളും ജനലുകളും തൊട്ട് തടവലല്ല, മറിച്ച് റസൂലിനെ പിൻപറ്റലും അദ്ദേഹത്തിന്റെ സുന്നത്ത് പ്രവർത്തിക്കലുമാണ്.

ഇസ്ലാം മതം രണ്ട് മഹാ കാര്യങ്ങളിലാണ് നില കൊള്ളുന്നത്:

ഒന്ന്: അല്ലാഹുവിനെയല്ലാതെ മറ്റാരെയും ആരാധിക്കാൻ പാടില്ല എന്നത്.

രണ്ട്: അല്ലാഹുവിനെ ആരാധിക്കുന്നത് റസൂൽ ﷺ കാണിച്ചു തന്ന മാർഗത്തിലൂടെയല്ലാതെ പാടില്ല എന്നത്.



ഇതാണ് ‘അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല, മുഹമ്മദ് നബി(ﷺ) അല്ലാഹുവിന്റെ ദൂതനാണ്’ എന്ന ശഹാദത്ത് കലിമയുടെ താൽപര്യം.

വിശുദ്ധ ഖുർആനിൽ “പരീക്ഷണത്തിന്റെ ആയത്ത്” എന്ന് ചില പണ്ഡിതന്മാർ പേര് വിളിച്ച ഒരു ആയത്തുണ്ട് അതായത് (3:31) വചനം:

قُلْ إِن كُنتُمْ تُحِبُّونَ ٱللَّهَ فَٱتَّبِعُونِى يُحْبِبْكُمُ ٱللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَٱللَّهُ غَفُورٌ رَّحِيمٌ

“(നബിയേ) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹി ക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്ത് തരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ” (ആലു ഇംറാൻ-31)

സലഫുകളിൽപെട്ട ഹസനുൽ ബസ്രി ؒയും മറ്റും പറയുന്നു: ചിലയാളുകൾ, അവർ അല്ലാഹുവിനെ സ്നേഹിക്കുന്നു എന്ന് വാദിച്ചു. അപ്പോൾ അല്ലാഹു ഈ ആയത്ത് കൊണ്ട് അവരെ പരീക്ഷിച്ചു.

കളവ് പറയുന്നവരെയും സത്യം പറയുന്നവരെയും വേർ തിരിക്കാനാണത്. അല്ലാഹുവിനെയും റസൂൽ ﷺയെയും സ്നേഹിക്കുന്നു എന്ന് വാദിക്കുന്ന ഒരാൾ വ്യക്തമായ തെളിവ് ഹാജരാക്കേണ്ടതാണ്, അതാണ് റസൂൽ ﷺയെ പിൻപറ്റുക എന്നുള്ളത്.

ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇബ്നു കഥീർ ؒ തന്റെ തഫ്സീറിൽ രേഖപ്പെടുത്തുന്നു: ‘മുഹമ്മദ് നബി ﷺയുടെ പാത പിന്തുടരാതെ അല്ലാഹുവിനെ സ്നേഹിക്കുന്നു എന്ന് വാദിക്കുന്ന ഓരോരുത്തരുടെയും മേൽ വിധി പറയുന്നതാണ് ഈ വിശുദ്ധ വചനം. തീർച്ചയായും അവൻ തന്റെ വാക്കുകളിലും പ്രവൃത്തികളിലും മുഹമ്മദ് നബി ﷺയുടെ പാത പിന്തുടരുന്നത് വരെ ഇക്കാര്യത്തിൽ അവൻ കളവാണ് പറയുന്നത്’

റസൂൽ ﷺ പറയുന്നതായി സ്വഹീഹായ ഹദീഥിൽ കാണാം:

«مَن عمل عملا ليس عليه أمرنا فهو ردّ»

"ആരെങ്കിലും നമ്മുടെ നിർദ്ദേശത്തിലില്ലാത്ത വല്ല കാര്യവും പ്രവർത്തിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്."

അത് കൊണ്ടാണ് അല്ലാഹു പറഞ്ഞത്:

قُلْ إِن كُنتُمْ تُحِبُّونَ ٱللَّهَ فَٱتَّبِعُونِى يُحْبِبْكُمُ ٱللَّهُ

"നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക, എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കും" (ആലുഇംറാൻ - 31)

അതായത്, നിങ്ങൾക്ക് അല്ലാഹുവിനോടുള്ള സ്നേഹത്തേക്കാൾ വലിയ സ്നേഹമാണ് അല്ലാഹുവിൽ നിന്ന് നിങ്ങൾക്ക് ലഭിക്കുന്നത്.

ബുദ്ധിശാലികളായ ചില പണ്ഡിതന്മാർ പറഞ്ഞിരിക്കുന്നു:

«ليس الشأنُ أن تُحبَّ إنّما الشأنُ أنْ تُحَبَّ»

"നീ സ്നേഹിക്കുക എന്നതല്ല വലുത്, മറിച്ച് നിന്നെ അല്ലാഹു സ്നേഹിക്കുക എന്നതാണ് വലുത്."

പിന്നീട് മുമ്പ് സൂചിപ്പിച്ച ഹസനുൽ ബസ്‌രി ﵀ യുടെയും മുൻഗാമികളുടെയും വാചകം ഇബ്നുകഥീർ ﵀ ഉദ്ധരിച്ചു.

നബി ﷺയുടെ ഖബ്റിന്റെയടുക്കലുള്ള ചുമരുകൾ ചുംബിക്കുന്നതിനെയും തൊട്ടുതടവുന്നതിനെയും പറ്റി ഇമാംനവവി ﵀ തന്റെ 'ശറഹുൽ മുഹദ്ദബി'ൽ ഇപ്രകാരം പറയുന്നു: ജനങ്ങളിൽ അധികപേരും ചെയ്യുന്ന തെറ്റായ പ്രവൃത്തികൾ കണ്ട് വഞ്ചിതരാവരുത്. എന്നാൽ മാതൃക പിൻപറ്റേണ്ടതും പ്രവൃത്തിക്കേണ്ടതും നബിചര്യ കൊണ്ടും പണ്ഡിതന്മാരുടെ വചനങ്ങൾ കൊണ്ടുമാണ്. ജനങ്ങൾ മതത്തിൽ പുതുതായുണ്ടാക്കിയ കാര്യങ്ങളിലേക്കും അവരുടെ അജ്ഞതകളിലേക്കും തിരിഞ്ഞു നോക്കേണ്ടതില്ല.



ആഇശ ﵂യിൽ നിന്നും നിവേദനം: റസൂൽ ﷺ പറഞ്ഞിരിക്കുന്നു.

«مَنْ أحْدث في ديننا هذا ما ليس منه فهو رَد»

''നമ്മുടെ ഈ മതത്തിൽ അതിലില്ലാത്തത് വല്ലതും ആരെങ്കിലും കൂട്ടിച്ചേർത്താൽ അത് തള്ളപ്പെടേണ്ടതാണ്.'' (ബുഖാരി, മുസ്‌ലിം)

മുസ്‌ലിമിന്റെ റിപ്പോർട്ടിലുള്ളത് ഇപ്രകാരമാണ്:

«مَنْ أحْدث في ديننا هذا ما ليس منه فهو رَد»

"ആരെങ്കിലും നമ്മുടെ നിർദേശമില്ലാതെ വല്ല കാര്യവും പ്രവർത്തിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്."

അബൂഹുറൈറ ﵁വിൽ നിന്ന് നിവേദനം: റസൂൽ ﷺ പറഞ്ഞിരിക്കുന്നു:

«لاتجعلوا قبري عيدًا، و صلّوا عليّ فإنّ صلاتكم تبلغني حيثما كنتم»

"എന്റെ ഖബറിടത്തെ നിങ്ങൾ ആഘോഷ സ്ഥലമാക്കരുത്. നിങ്ങൾ എന്റെ മേൽ സ്വലാത്ത് ചൊല്ലുക. തീർച്ചയായും നിങ്ങൾ എവിടെയായിരുന്നാലും നിങ്ങളുടെ സ്വലാത്ത് എനിക്ക് എത്തിച്ചേരുന്നതാണ്." (അബൂദാവൂദ് സ്വഹീഹായ പരമ്പരയോടെ ഉദ്ധരിച്ചത്)

ഫുളൈലുബ്നുഇയാദ് ﵀ പറയുന്നു: ഇതിന്റെ അർത്ഥം: 'നീ സന്മാർഗം പിൻപറ്റുക. ആ വഴിയിൽ സഞ്ചരിക്കുന്നവരുടെ കുറവ് കണ്ട് നീ പ്രയാസപ്പെടേണ്ടതില്ല; പിഴച്ച മാർഗത്തെ നീ സൂക്ഷിക്കുക. അതിൽ നശിക്കുന്നവരുടെ ആധിക്യം കണ്ട് നീ വഞ്ചിതനാവുകയും ചെയ്യരുത്' എന്നാണ്.

കൈ കൊണ്ട് തടവലും മറ്റും ബർക്കത്തിനുള്ള ഏറ്റവും അനുയോജ്യമായ കാര്യമാണെന്ന് ആരെങ്കിലും വിചാരിക്കുന്നുവെങ്കിൽ അതവന്റെ അജ്ഞതയും അശ്രദ്ധയും മൂലമാണ്. ബർകത്ത് ഉണ്ടാകുന്നത് ദീനിനോട് യോജിക്കുന്ന കാര്യങ്ങളിൽ മാത്രമാണ്. അപ്പോൾ സത്യത്തിന് എതിരായിക്കൊണ്ട് എങ്ങിനെയാണ് അനുഗ്രഹത്തെ കാംക്ഷിക്കുന്നത്?!

**4-ഖബ്റ് ത്വവാഫ് ചെയ്യൽ:** സന്ദർശകൻ നബി ﷺയുടെ ഖബ്റിനെ ത്വവാഫ് ചെയ്യൽ, തീർച്ചയായും അത് ഹറാമാണ്. കാരണം വിശുദ്ധ കഅ്ബാലയത്തിന് ചുറ്റുമല്ലാതെ മറ്റൊരിടത്തും ത്വവാഫ് ചെയ്യാൻ അല്ലാഹു അനുവദിച്ചിട്ടില്ല.

അല്ലാഹു പറയുന്നു:

وَلْيَطَّوَّفُوا۟ بِٱلْبَيْتِ ٱلْعَتِيقِ

“പുരാതനമായ ആ ഭവനത്തെ അവർ പ്രദക്ഷിണം ചെയ്തു കൊള്ളട്ടെ” (അൽഹജ്ജ് - 29)

അതിനാൽ വിശുദ്ധ കഅ്ബാലയത്തിന് ചുറ്റുമല്ലാതെ മറ്റൊരു സ്ഥലത്തും ത്വവാഫ് ചെയ്യാൻ പാടുള്ളതല്ല. അതുകൊണ്ടാണ് ഇപ്രകാരം പറയാറുള്ളത്: ഓരോ സ്ഥലങ്ങളിലും അല്ലാഹുവിന് വേണ്ടി നമസ്കരിക്കുന്ന എത്രയെത്ര ആളുകളാണ്; അല്ലാഹുവിന് വേണ്ടി ധർമം നൽകുന്നവർ എത്രയാളുകളാണ്; അല്ലാഹുവിന് വേണ്ടി നോമ്പനുഷ്ടിക്കുന്നവർ എത്രയാളുകൾ; അല്ലാഹുവിനെ സ്മരിക്കുന്നവർ എത്രയാളുകളാണ്. എന്നാൽ ‘ഓരോ സ്ഥലങ്ങളിലും അല്ലാഹുവിന് വേണ്ടി ത്വവാഫ് ചെയ്യുന്നവർ എത്രയെത്ര യാളുകൾ’ എന്ന് പറയപ്പെടാറില്ല. കാരണം, ത്വവാഫ് കഅ്ബാലയത്തിന് പ്രത്യേകമായിട്ടുള്ളതാണ്.

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ ؒ പറയുന്നു: കഅ്ബാലയത്തിന് ചുറ്റുമല്ലാതെ ത്വവാഫ് ചെയ്യൽ അനുവദനീയമല്ല എന്നതിൽ മുസ്ലിംകൾ ഏകോപിച്ചിട്ടുണ്ട്. അപ്രകാരം തന്നെ ബൈത്തുൽ മഖ്ദിസിലെ കല്ലിന് ചുറ്റും, നബി ﷺയുടെ മുറിക്ക് ചുറ്റും, അറഫാ മലയുടെ ഖുബ്ബക്ക് ചുറ്റും മറ്റും ത്വവാഫ് ചെയ്യുവാനും പാടുള്ളതല്ല.

## 5- നബി ﷺയുടെ ഖബ്റിന്നരികെ ശബ്ദമുയർത്തൽ

നബി ﷺയുടെ ഖബ്റിന്നരികെ വെച്ച് ശബ്ദമുയർത്തുന്നത് ശരിയല്ല. കാരണം റസൂൽ ﷺ സത്യവിശ്വാസികൾക്കിടയിൽ ജീവിച്ചുകൊണ്ടിരിക്കെ അവർക്ക് മര്യാദ പഠിപ്പിച്ചുകൊണ്ട് അല്ലാഹു ഇപ്രകാരം പറഞ്ഞു:



يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَرْفَعُوٓا۟ أَصْوَٰتَكُمْ فَوْقَ صَوْتِ ٱلنَّبِىِّ وَلَا تَجْهَرُوا۟ لَهُۥ بِٱلْقَوْلِ كَجَهْرِ بَعْضِكُمْ لِبَعْضٍ أَن تَحْبَطَ أَعْمَـٰلُكُمْ وَأَنتُمْ لَا تَشْعُرُونَ ﴿٢﴾ إِنَّ ٱلَّذِينَ يَغُضُّونَ أَصْوَٰتَهُمْ عِندَ رَسُولِ ٱللَّهِ أُو۟لَـٰٓئِكَ ٱلَّذِينَ ٱمْتَحَنَ ٱللَّهُ قُلُوبَهُمْ لِلتَّقْوَىٰ ۚ لَهُم مَّغْفِرَةٌ وَأَجْرٌ عَظِيمٌ ﴿٣﴾

“സത്യവിശ്വാസികളേ, നിങ്ങളുടെ ശബ്ദങ്ങൾ പ്രവാചകന്റെ ശബ്ദത്തിന്റെ മീതെ നിങ്ങൾ ഉയർത്തരുത്. അദ്ദേഹത്തോട് സംസാരിക്കുമ്പോൾ നിങ്ങളന്യോന്യം ഒച്ചയിടുന്നത് പോലെ ഒച്ചയിടുകയും ചെയ്യരുത്. നിങ്ങൾ അറിയാതെ തന്നെ നിങ്ങളുടെ കർമ്മങ്ങൾ നിഷ്ഫലമായിപ്പോകാതിരിക്കാൻ വേണ്ടി. തീർച്ചയായും തങ്ങളുടെ ശബ്ദങ്ങൾ അല്ലാഹുവിന്റെ റസൂലിന്റെയടുത്ത് താഴ്ത്തുന്നവരാരോ അവരുടെ ഹൃദയങ്ങളാകുന്നു അല്ലാഹു ധർമനിഷ്ഠക്കായി പരീക്ഷിച്ചെടുത്തിട്ടുള്ളത്. അവർക്കാകുന്നു പാപമോചനവും മഹത്തായ പ്രതിഫലവും ഉള്ളത്.” (അൽ ഹുജറാത്ത് 2, 3)

റസൂൽ ﷺയെ അദ്ദേഹത്തിന്റെ ജീവിതത്തിലും മരണ ശേഷവും ആദരിക്കേണ്ടതാണ്.

## 6- വിദൂരത്ത് നിന്ന് സലാം പറയൽ

വിദൂര സ്ഥലത്ത് നിന്ന് നബി ﷺയുടെ ഖബ്റിനെ മുന്നിട്ട് കൊണ്ട് സലാം പറയൽ, അത് പള്ളിക്കകത്ത് നിന്നായാലും പുറത്തായാലും ശരി, അനുവദനീയമല്ല. നമ്മുടെ ഗുരുവര്യനായ ശൈഖ് അബ്ദുൽ അസീസ് ഇബ്നുബാസ് ؒ അദ്ദേഹത്തിന്റെ ഹജ്ജ് കർമ്മരീതി പഠിപ്പിക്കുന്ന പുസ്തകത്തിൽ പറയുന്നു: “നബി ﷺയോടുള്ള അടുപ്പത്തേക്കാളും ബന്ധത്തേക്കാളും അവിടുത്തോടുള്ള വെറുപ്പിനോടാണിതിന് ബന്ധം”

## 7- സലാം പറഞ്ഞയക്കൽ

മദീനയിലേക്ക് വരുന്ന ചിലരോട് അവരുടെ ബന്ധുക്കളും മറ്റും റസൂൽ ﷺക്ക് അവരുടെ സലാം എത്തിക്കണമെന്ന് ആവശ്യപ്പെടാറുണ്ട്. എന്നാൽ ഇതിന് നബിചര്യയിൽ യാതൊരു തെളിവും കാണാൻ സാധ്യമല്ല. അത് കൊണ്ട് തന്നെ ആരെങ്കിലും ഇങ്ങിനെ

ആവശ്യപ്പെട്ടു കഴിഞ്ഞാൽ ആവശ്യപ്പെട്ടവനോട് ഇപ്രകാരം പറയണം: നീ സ്വലാത്തും സലാമും അധികരിപ്പിക്കുക, മലക്കുകൾ അത് റസൂൽ ﷺക്ക് എത്തിക്കുന്നതാണ്.

റസൂൽ ﷺ പറഞ്ഞിരിക്കുന്നു:

«إنّ للّه ملائكةً سيّاحين يبلّغوني عن أمّتي السلام»

"തീർച്ചയായും അല്ലാഹുവിന്, ചുറ്റിസഞ്ചരിച്ചു കൊണ്ടിരിക്കുന്ന മലക്കുകളുണ്ട്. എന്റെ സമുദായത്തിൽ നിന്നും അവരെനിക്ക് സലാമിനെ എത്തിച്ചു തരുന്നതാണ്". (നസാഈയും മറ്റും ഉദ്ധരിച്ച സ്വഹീഹായ ഹദീഥാണിത്)

റസൂൽ ﷺ പറയുന്നു:

«لا تجعلوا بيوتكم قبورًا، ولا تتّخذوا قبري عيدًا، و صلّوا عليّ فإنّ صلاتكم تبلغني حيث كنتم»

"നിങ്ങൾ നിങ്ങളുടെ വീടുകളെ ഖബ്റുകളാക്കരുത്. എന്റെ ഖബറിനെ നിങ്ങൾ ആഘോഷ സ്ഥലമാക്കുകയും ചെയ്യരുത്. നിങ്ങൾ എന്റെ മേൽ സ്വലാത്ത് ചൊല്ലുക. നിങ്ങളെവിടെയാണെങ്കിലും നിങ്ങളുടെ സ്വലാത്ത് എനിക്ക് എത്തിച്ചേരും" (അബൂദാവൂദും മറ്റും ഉദ്ധരിച്ച സ്വഹീഹായ ഹദീഥാണിത്)

# ഹജ്ജ് – ഉംറ – സിയാറത്ത്

ഹജ്ജ്, ഉംറ എന്നിവയുമായി മദീനാ സിയാറത്തിന് യാതൊരു ബന്ധവുമില്ല എന്നത് അറിഞ്ഞിരിക്കേണ്ട സംഗതിയാണ്. അപ്പോൾ ഹജ്ജിനോ ഉംറക്കോ വരുന്നവന്ന് മദീന സന്ദർശിക്കാതെ അവന്റെ നാട്ടിലേക്ക് മടങ്ങാവുന്നതാണ്. അതുപോലെ ആരെങ്കിലും തന്റെ നാട്ടിൽ നിന്ന് മദീനയിലേക്കായി വന്നാൽ ഹജ്ജും ഉംറയും ചെയ്യാതെ അവന്റെ നാട്ടിലേക്ക് മടങ്ങാവുന്നതുമാണ്. ഹജ്ജും ഉംറയും മദീനാ സന്ദർശനവും ഒരൊറ്റ യാത്രയിൽ തന്നെ ഒരുമിച്ചു ചെയ്യാവുന്നതുമാണ്.

## നബി ﷺയുടെ ഖബർ സന്ദർശനവുമായി ബന്ധപ്പെട്ടുവന്ന ദുർബലമായ ചില ഹദീഥുകൾ

«من حجّ ولم يزرني فقد جفاني»

"ആരെങ്കിലും ഹജ്ജ് ചെയ്തിട്ട് എന്നെ സന്ദർശിച്ചില്ലെങ്കിൽ അവൻ എന്നെ വെറുത്തവനായി"

«من زارني بعد مماتي فكأنّما زارني في حياتي»

"ആരെങ്കിലും എന്റെ മരണത്തിന് ശേഷം എന്നെ സന്ദർശിച്ചാൽ അവൻ എന്റെ ജീവിതത്തിൽ എന്നെ സന്ദർശിച്ചവനെപ്പോലെയാണ്"

«من زارني وزار أبي إبراهيم في عام واحد ضمنت له على الله الجنّة»

"ആരെങ്കിലും എന്നെയും എന്റെ പിതാവ് ഇബ്രാഹീമിനെയും ഒരേ വർഷത്തിൽ സന്ദർശിച്ചാൽ അവന് ഞാൻ സ്വർഗം ഉറപ്പു നൽകുന്നു."

«من زار قبري وجبت له شفاعتي»

"ആരെങ്കിലും എന്റെ ഖബർ സന്ദർശിച്ചാൽ അവന്ന് എന്റെ ശുപാർശ തീർച്ചയായി"

ഈ ഹദീഥുകളും ഇതിന് സാദൃശ്യമുള്ള മറ്റു ഹദീഥുകളൊന്നും തെളിവിന് പറ്റുകയില്ല. കാരണം, ഇവയെല്ലാം കെട്ടിയുണ്ടാക്കപ്പെട്ടതും വളരെയധികം ദുർബലവുമാണ്. പ്രഗൽഭ പണ്ഡിതന്മാരായ ദാറുക്വുത്നി, ഉഖൈലി, ബൈഹഖി, ഇബ്നു തൈമിയ്യ, ഇബ്നുഹജർ ﷺ എന്നിവർ ഇത് ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

നബി ﷺ യോട് പാപമോചനത്തിന് തേടുകയോ?

അല്ലാഹു പറയുന്നു:

وَمَآ أَرْسَلْنَا مِن رَّسُولٍ إِلَّا لِيُطَاعَ بِإِذْنِ ٱللَّهِ ۚ وَلَوْ أَنَّهُمْ إِذ ظَّلَمُوٓا۟ أَنفُسَهُمْ جَآءُوكَ فَٱسْتَغْفَرُوا۟ ٱللَّهَ وَٱسْتَغْفَرَ لَهُمُ ٱلرَّسُولُ لَوَجَدُوا۟ ٱللَّهَ تَوَّابًا رَّحِيمًا ﴿٦٤﴾

"അവർ അവരോട് തന്നെ അക്രമം പ്രവർത്തിച്ചപ്പോൾ നിന്റെ അടുക്കൽ അവർ വരികയും, എന്നിട്ടവർ അല്ലാഹുവോട് പാപമോചനം തേടുകയും, അവർക്കുവേണ്ടി റസൂലും പാപമോചനം തേടുകയും ചെയ്തിരുന്നുവെങ്കിൽ അല്ലാഹുവെ ഏറെ പശ്ചാത്താപം സ്വീകരിക്കുന്നവനും കാരുണ്യമുള്ളവനുമായി അവർ കണ്ടെത്തുമായിരുന്നു" (അന്നിസാഅ്:64)

സ്വന്തത്തോട് അക്രമം പ്രവർത്തിച്ചാൽ ഖബറിന്നരികെ പോവുകയും നബിﷺയോട് പാപമോചനത്തിന് തേടുകയും ചെയ്യുന്നതിന്ന് ഈ ആയത്തിൽ യാതൊരു തെളിവുമില്ല. എന്തെന്നാൽ ആയത്തിന്റെ പശ്ചാത്തലം കപട വിശ്വാസികളെക്കുറിച്ചാണ്. റസൂൽ ﷺന്റെയടുക്കൽ പാപ മോചനത്തിന് വരുന്നത്



അദ്ദേഹത്തിന്റെ ജീവിത കാലത്തുമായിരുന്നു. സ്വഹാബികളാരും തന്നെ പാപ മോചനത്തിനാവശ്യപ്പെട്ട് റസൂലിന്റെ ഖബറിങ്കൽ പോകാറുണ്ടായിരുന്നില്ല. അത് കൊണ്ടാണ്, വരൾച്ച ബാധിച്ചപ്പോൾ ഉമറുബ്നുൽഖത്താബ് ﷺ റസൂലിനെ കൊണ്ട് തവസ്സുൽ ചെയ്യുന്നതിന് പകരം അബ്ബാസ് ﷺവിന്റെ പ്രാർത്ഥന കൊണ്ട് തവസ്സുൽ ചെയ്തത്. എന്നിട്ട് ഇപ്രകാരം പറയുകയുണ്ടായി:

«اللّهُمّ إنّا كنّا إذا أجدَبْنا توسّلْنا إليك بنَبِيّنا فتسْقِينا، وإنّا نتوسّل إليك بعَمِّ نبِيّنا فاسقنا»

"അല്ലാഹുവേ, ഞങ്ങൾക്ക് വരൾച്ച ബാധിക്കുമ്പോൾ ഞങ്ങൾ നബി ﷺയെക്കൊണ്ട് നിന്നോട് തവസ്സുൽ ചെയ്യാറുണ്ടായിരുന്നു. അപ്പോൾ നീ മഴ വർഷിപ്പിക്കുകയും ചെയ്യുമായിരുന്നു; ഇപ്പോൾ ഞങ്ങളുടെ നബി ﷺയുടെ പിതൃസഹോദരനെക്കൊണ്ട് ഞങ്ങളിതാ നിന്നോട് തവസ്സുൽ ചെയ്യുന്നു. അതിനാൽ ഞങ്ങൾക്ക് നീ മഴ വർഷിപ്പിക്കണേ...!" അപ്പോൾ അവർക്ക് മഴ വർഷിക്കപ്പെടും. (ബുഖാരി)

റസൂൽ ﷺയുടെ മരണ ശേഷം അദ്ദേഹത്തോട് തവസ്സുൽ ചെയ്യുന്നത് അനുവദനീയമായിരുന്നുവെങ്കിൽ ഇവിടെ ഉമർ ﷺ നബി ﷺയെ വിട്ട് അബ്ബാസ് ﷺനെ കൊണ്ട് തവസ്സുൽ ചെയ്യുമായിരുന്നില്ല.

ഈ കാര്യം ബുഖാരി, ആഇശ ﷺയിൽ നിന്ന് ഉദ്ധരിക്കുന്ന രോഗത്തെ സംബന്ധിച്ചുള്ള ഹദീഥിൽ നിന്നും വ്യക്തമാകുന്നതാണ്. ആഇശ ﷺ പറഞ്ഞു: എന്റെ തലക്കെന്തൊരു വേദന! അപ്പോൾ റസൂൽ ﷺ പറഞ്ഞു:

«ذاك لوكان وأنا حيٌّ فأَسْتغفر لكِ وأدعولكِ»

"അത് ഞാൻ ജീവിച്ചിരിക്കുമ്പോഴാണെങ്കിൽ ഞാൻ നിനക്ക് വേണ്ടി പാപമോചനത്തിന് തേടുകയും പ്രാർത്ഥിക്കുകയും ചെയ്യും." അപ്പോൾ ആഇശ ﷺ പറഞ്ഞു: എന്റെ നാശമേ! അല്ലാഹു തന്നെയാണ് സത്യം, താങ്കൾ എന്റെ മരണത്തെയാണ് ഇഷ്ടപ്പെടുന്നത് എന്ന് ഞാൻ കരുതുന്നു.. (ബുഖാരി-കിതാബുൽ മർളാ)

റസൂൽ ﷺയുടെ മരണശേഷവും അദ്ദേഹത്തിൽ നിന്ന് പ്രാർത്ഥനയും പാപമോചനം തേടലും സംഭവിക്കുമായിരുന്നെങ്കിൽ

ആഇശ ﵂ റസൂലിന്റെ മുമ്പോ ശേഷമോ മരിക്കുന്നതിൽ വ്യത്യാസമില്ലല്ലോ.

## റസൂൽ ﷺയുടെ ഖബർ സന്ദർശനം

ഖബർ സിയാറത്തിനെക്കുറിച്ച് മൊത്തത്തിൽ പറയുന്ന ഹദീഥുകൾ തന്നെയാണ് റസൂൽ ﷺയുടെ ഖബർ സിയാറത്തിലും വന്നിട്ടുള്ളത്.

റസൂൽ ﷺ പറഞ്ഞത് പോലെ.

«زوروا القبور، فإنّها تُذكِّرُكم الآخرة»

"നിങ്ങൾ ഖബറുകൾ സന്ദർശിക്കുക, നിശ്ചയം അത് നിങ്ങൾക്ക് പരലോകത്തെക്കുറിച്ചുള്ള സ്മരണയുണ്ടാക്കും" (മുസ്‌ലിം)

എന്നാൽ റസൂൽ ﷺയുടെ ഖബറിന്നരികിൽ കൂടുതൽ സമയം നിൽക്കുന്നതോ, നിരന്തരം സന്ദർശിക്കുന്നതോ പാടുള്ളതല്ല. കാരണം, അത് അതിര് കവിയലിലേക്കെത്തിച്ചേരും. സമൂഹത്തിൽ മറ്റാർക്കും നൽകാത്ത ഒരു പ്രത്യേകത പ്രവാചകൻ ﷺക്ക് മാത്രമായി അല്ലാഹു നൽകിയിട്ടുണ്ട്. അഥവാ എല്ലാ സ്ഥലങ്ങളിൽ നിന്നും മലക്കുകൾ അദ്ദേഹത്തിലേക്ക് സലാം എത്തിക്കുന്നതാണ്.

റസൂൽ ﷺ പറയുന്നു:

«إنّ للّه ملائكة سيّاحين يُبلِّغوني عن أمّتي السلام»

"തീർച്ചയായും അല്ലാഹുവിന്, ചുറ്റി സഞ്ചരിച്ചു കൊണ്ടിരിക്കുന്ന മലക്കുകളുണ്ട്. എന്റെ സമുദായത്തിൽ നിന്നും അവരെനിക്ക് സലാം എത്തിച്ചു തരുന്നതാണ്"

മറ്റൊരു ഹദീഥിൽ റസൂൽ ﷺ പറയുന്നു:

«لا تجعلوا بيوتكم قبورا، ولا تتّخذوا قبري عيدًا، وصلّوا عليّ فإنّ صلاتكم تبلغني حيث كنتم»

"നിങ്ങൾ നിങ്ങളുടെ വീടുകളെ ഖബ്റുകളാക്കരുത്. എന്റെ ഖബ്റിനെ ആഘോഷ സ്ഥലമാക്കുകയും ചെയ്യരുത്. നിങ്ങൾ എന്റെ മേൽ സ്വലാത്ത് ചൊല്ലുക. നിങ്ങളെവിടെയാണെങ്കിലും നിങ്ങളുടെ സ്വലാത്ത് എനിക്കെത്തിച്ചേരും."

നബി ﷺയുടെ ഖബ്റിനെ ആഘോഷ സ്ഥലമാക്കുന്നതിൽ നിന്ന് അദ്ദേഹം വിലക്കിയപ്പോൾ അതിന് പകരം നിൽക്കുന്ന



മറ്റൊരു കാര്യത്തിലേക്ക് മാർഗദർശനം നൽകുകയും ചെയ്തു. അതായത്:

«وصلّوا عليّ فإنّ صلاتكم تبلغني حيث كنتم»

"നിങ്ങൾ എന്റെ മേൽ സ്വലാത്ത് ചൊല്ലുക, നിങ്ങളെവിടെയാണെങ്കിലും നിങ്ങളുടെ സ്വലാത്ത് എനിക്കെത്തിച്ചേരും" - അതായത്, മലക്കുകൾ മുഖേന.

ബഖീഇലെ ഖബർ സന്ദർശനവും, ഉഹുദിൽ ശഹീദായവരുടെ ഖബർ സന്ദർശനവും, അനുവദിക്കപ്പെട്ട രീതിയിലാണെങ്കിൽ സുന്നത്തും പുതുനിർമിത (ബിദഈ) രീതിയിലാണെങ്കിൽ നിഷിദ്ധവുമാണ്.

മതപരമായ സിയാറത്തുകൊണ്ടുള്ള വിവക്ഷ, റസൂൽ ﷺയിൽ നിന്ന് സ്ഥിരപ്പെട്ടു വന്നതിന് യോജിച്ച രീതിയിലുള്ളതായിരിക്കണം എന്നതാണ്. അത് ജീവിച്ചിരിക്കുന്ന സന്ദർശകന്നും, സന്ദർശിക്കപ്പെടുന്ന മരിച്ചയാൾക്കും ഉപകാരപ്പെടുന്നതാണ്.

## സന്ദർശകന്ന് പ്രയോജനപ്പെടുന്ന മൂന്ന് കാര്യങ്ങൾ:-

ഒന്ന്: മരണത്തെക്കുറിച്ചുള്ള സ്മരണ: അതുമൂലം അവൻ സൽക്കർമങ്ങൾ ചെയ്ത് മരണത്തിന്ന് തയ്യാറെടുക്കും. റസൂൽ ﷺ പറഞ്ഞു:

«زوروا القبور، فإنّها تُذكِّرُكم الآخرة»

"നിങ്ങൾ ഖബ്റുകൾ സന്ദർശിക്കുവീൻ, തീർച്ചയായും അത്, നിങ്ങളെ പരലോകത്തെ ഓർമ്മിപ്പിക്കും" (മുസ്‌ലിം)

രണ്ട്: ഖബർ സന്ദർശിക്കൽ സുന്നത്താണ്; അതിന് സുന്നത്ത് ചെയ്ത പ്രതിഫലം ലഭിക്കുന്നതാണ്.

മൂന്ന്: മരണപ്പെട്ട മുസ്‌ലിംകൾക്ക് വേണ്ടി പ്രാർത്ഥിച്ച് നന്മ ചെയ്യൽ. അതിന് ആ നന്മക്കുള്ള പ്രതിഫലം ലഭിക്കുന്നതാണ്.

എന്നാൽ സന്ദർശിക്കപ്പെടുന്ന മയ്യിത്തിന് ആ പ്രാർത്ഥന കൊണ്ടും നന്മചെയ്യൽ കൊണ്ടും പ്രയോജനപ്പെടുന്നതാണ്. കാരണം ജീവിച്ചിരിക്കുന്നവരുടെ പ്രാർത്ഥന കൊണ്ട് മരണപ്പെട്ടവർക്ക് പ്രയോജനം ലഭിക്കുന്നതാണ്.

## ഖബർ സന്ദർശിക്കുമ്പോഴുള്ള പ്രാർത്ഥന

റസൂൽ ﷺയിൽ നിന്ന് സ്ഥിരപ്പെട്ടുവന്ന പ്രാർത്ഥനകൾ കൊണ്ട് ഖബ്റാളികൾക്ക് വേണ്ടി പ്രാർത്ഥിക്കൽ സുന്നത്താണ്.

ബുറൈദതുബ്നുൽ ഹുസൈബ് ﷺ റിപ്പോർട്ട് ചെയ്യുന്ന ഹദീഥിൽ ഇപ്രകാരം കാണാം: ഖബർ സന്ദർശിക്കാൻ പുറപ്പെടുമ്പോൾ ചൊല്ലാൻ വേണ്ടി റസൂൽ ﷺ അവർക്ക് പഠിപ്പിച്ചു കൊടുക്കാറുണ്ടായിരുന്നു:

السّلام عليْكم أهلَ الدّيارِ من المُؤْمنِينَ والمُسْلمينَ وإنّا إنْ شَاءَ اللّهُ بِكُمْ لَلاَحِقون، أَسْأَلُ اللّهَ لَنَا وَلَكُمْ العافية

"ഈ പാർപ്പിടങ്ങളിൽ വസിക്കുന്ന മുസ്ലിംകളും മുഅ്മിനുകളുമായിട്ടുള്ളവരേ... നിങ്ങൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാകട്ടെ. അല്ലാഹു ഉദ്ദേശിച്ചാൽ ഞങ്ങളും നിങ്ങളോടൊപ്പം വന്നു ചേരുന്നതാണ്. ഞങ്ങൾക്കും നിങ്ങൾക്കും സൗഖ്യം നൽകുവാൻ ഞാൻ അല്ലാഹുവിനോട് പ്രാർഥിക്കുന്നു." (മുസ്ലിം)

## സ്ത്രീകൾക്ക് ഖബർ സന്ദർശനം പാടില്ല

പുരുഷൻമാർക്ക് ഖബർ സന്ദർശനം സുന്നത്താണ്. എന്നാൽ സ്ത്രീകൾ ഖബർ സന്ദർശിക്കുന്ന വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ചിലർ അതനുവദിക്കുകയും ചിലർ വിലക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രബലമായ അഭിപ്രായം പാടില്ല എന്നതാണ്. കാരണം റസൂൽ ﷺ പറഞ്ഞിരിക്കുന്നു:

«لَعَن اللّه زوّاراتِ القبور»

"ഖബർ സന്ദർശിക്കുന്ന സ്ത്രീകളെ അല്ലാഹു ശപിച്ചിരിക്കുന്നു" (തിർമിദിയും മറ്റും ഉദ്ധരിച്ചത്. തിർമിദി പറഞ്ഞു: 'ഈ ഹദീഥ് ഹസനും സ്വഹീഹുമാണ്')

ഈ ഹദീഥിലെ زوّاراتِ എന്ന പദം സ്ത്രീകളിലേക്ക് ചേർത്തിപ്പറയുന്നതാണ്, അതായത് സിയാറത്ത് നടത്തുന്ന സ്ത്രീകൾ.

وَمَا رَبُّكَ بِظَلَّٰمٍ لِّلْعَبِيدِ



"എന്റെ രക്ഷിതാവ് തന്റെ അടിമകളോട് അനീതി കാണിക്കുന്നവനേയല്ല" എന്ന സൂറത്തു ഫുസ്സിലത്ത് 46-ാം വചനത്തിലെ ظلّام എന്നത് പോലെയാണ് അത്.

അതായത് അനീതി കാണിക്കുന്നവനേയല്ല, അല്ലെങ്കിൽ അവനിലേക്ക് അക്രമം ചേർക്കപ്പെട്ടിട്ടില്ല. സ്ത്രീകൾക്ക് ഖബർ സന്ദർശനം അനുവദനീയമാണെന്ന് വാദിച്ച ചില പണ്ഡിതന്മാർ പറഞ്ഞത് പോലെ 'അമിതമായി ചെയ്യുക' എന്നതിന് ഉപയോഗിക്കുന്ന (مبالغة) പദമല്ല അത്.

സ്ത്രീകൾക്ക് ഖബർ സന്ദർശനം നിരോധിക്കാനുള്ള മറ്റൊരു കാരണം; സ്ത്രീകൾ ദുർബലരാണ്, അവർക്ക് ക്ഷമിക്കാനും ബഹളം വെക്കലും കരച്ചിലും തടഞ്ഞു നിർത്താനുമുള്ള കഴിവ് കുറവാണ്.

അപ്പോൾ സ്ത്രീകൾക്ക് സന്ദർശനം പാടില്ല എന്ന് പറയുന്നതാണ് സൂക്ഷ്മതക്ക് ഏറ്റവും നല്ലത്. എന്തെന്നാൽ, സ്ത്രീ (സൂക്ഷ്മത പാലിച്ചുകൊണ്ട്) സന്ദർശനം ഒഴിവാക്കിയാൽ അവർക്ക് നഷ്ടപ്പെടുന്നത് (അവളെ സംബന്ധിച്ചിടത്തോളം പുണ്യമാണെന്ന് വന്നാൽ തന്നെ) ഒരു സുന്നത്തായ കാര്യം മാത്രമാണ്. എന്നാൽ (സൂക്ഷ്മത പാലിക്കാതെ) സന്ദർശനം നടത്തിയാൽ അവൾ ശാപത്തിന് വിധേയയാകുന്നതാണ്.

## ബിദ്അത്തായ സിയാറത്ത്:

അനുവദനീയമല്ലാത്ത രീതിയിലുള്ള ഖബർ സന്ദർശനമാണത്. ഖബ്റാളികളോട് പ്രാർത്ഥിക്കുവാനും അവരോട് സഹായം തേടുവാനും കാര്യപൂർത്തീകരണത്തിന് അവരോട് ആവശ്യപ്പെടാനും ഖബ്റുകൾ ലക്ഷ്യമാക്കി പോകുന്നത് പോലെ. ഇപ്രകാരമുള്ള സന്ദർശനം കൊണ്ട് മയ്യിത്തിന് ഒരു പ്രയോജനവുമില്ല. ജീവിച്ചിരിക്കുന്നവർക്ക് അത് ഉപദ്രവവുമായിത്തീരും. കാരണം, അവൻ ചെയ്ത കാര്യം അനുവദനീയമല്ലാത്തതാണ്. അത് അല്ലാഹുവിൽ പങ്ക് ചേർക്കലാണ്. മയ്യിത്തിനാകട്ടെ ഒരു പ്രയോജനവുമുണ്ടായിട്ടില്ല.

കാരണം, മയ്യിത്തിന് വേണ്ടി പ്രാർത്ഥിച്ചിട്ടില്ല. മറിച്ച് അല്ലാഹുവിന് പുറമെ അവർ ആ മയ്യിത്തിനോടാണ് പ്രാർത്ഥിച്ചത്.

നമ്മുടെ ഗുരുവര്യനായ ശൈഖ് അബ്ദുൽ അസീസ് ഇബ്നു ബാസ് ﷺ അദ്ദേഹത്തിന്റെ ഹജ്ജ് കർമ്മ പുസ്തകത്തിൽ ഇപ്രകാരം പറയുന്നു: അവരുടെ ഖബറുകളുടെ അടുത്ത് വെച്ച് പ്രാർത്ഥിക്കാൻ ഉദ്ദേശിച്ച് കൊണ്ടുള്ള സിയാറത്തും അല്ലെങ്കിൽ അതിന്നരികിൽ തപസ്സിരിക്കലും അവരോട് കാര്യ പൂർത്തീകരണത്തിന് ആവശ്യപ്പെടലും, രോഗ ശമനം ചോദിക്കലും, അവരെ വെച്ച് കൊണ്ട് അല്ലാഹുവോട് ചോദിക്കലും, അവരുടെ ജാഹ് കൊണ്ട് ചോദിക്കലും തുടങ്ങിയ കാര്യങ്ങളെല്ലാം ബിദ്അത്തും നിഷിദ്ധവുമായ സിയാറത്തുകളാണ്. അല്ലാഹുവോ റസൂൽ ﷺയോ അത് പഠിപ്പിക്കുകയോ സച്ചരിതരായ മുൻഗാമികൾ അത് പ്രവർത്തിച്ച് കാണിക്കുകയോ ചെയ്തിട്ടില്ല.

പ്രത്യുത, റസൂൽ ﷺ വിലക്കിയ പിച്ചും പേയും (നിരർത്ഥക കാര്യങ്ങൾ) പറയലാകും അത്.

റസൂൽ ﷺ പറഞ്ഞു:

زوروا القبور ولا تقولوا هُجرًا

"നിങ്ങൾ ഖബ്റുകൾ സന്ദർശിക്കുവീൻ, എന്നാൽ നിങ്ങൾ പിച്ചും പേയും (നിരർത്ഥക കാര്യങ്ങൾ) പറയരുത്."

ഈ പറയപ്പെട്ടതെല്ലാം ബിദ്അത്തായ കാര്യങ്ങളിൽ പെട്ടതാണ്. പക്ഷേ, വ്യത്യസ്ത പദവിയിലുള്ളതാണ്. അതിൽ ചിലതെല്ലാം ബിദ്അത്താണ്, എന്നാൽ ശിർക്കല്ലതാനും. ഖബ്റിന്നരികെ വന്ന് അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും മയ്യിത്തിന്റെ ഹഖ്-ജാഹ് കൊണ്ട് ചോദിക്കുകയും ചെയ്യുന്നത് പോലെ.

മറ്റുചിലത് വലിയ ശിർക്കിൽ പെട്ടതാണ്. മരിച്ചവരോട് പ്രാർത്ഥിക്കുകയും അവരോട് സഹായം തേടുകയും ചെയ്യുന്നത് പോലെ.



# അവസാനമായി...

ഇത്രയുമാണ് ഞാൻ ഇവിടെ നിങ്ങൾക്ക് മുമ്പിൽ സമർപ്പിക്കാനുദ്ദേശിച്ചത്.

ഇഹപര ജീവിതത്തിൽ നല്ല പര്യവസാനമുണ്ടാകുന്ന പ്രവർത്തനങ്ങൾ ചെയ്യാൻ അല്ലാഹു നമുക്കും ഈ മദീനയിൽ താമസിക്കുന്നവർക്കും സന്ദർശകർക്കും എല്ലാ മുസ്ലിംകൾക്കും തൗഫീഖ് നൽകട്ടെ എന്ന് അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. അതുപോലെ ഈ നല്ല നാട്ടിൽ നല്ല നിലനിൽപിന്നും സൽസ്വഭാവത്തിന്നും നല്ല പര്യവസാനത്തിനും വേണ്ടിയും അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു.

وصلى الله وسلم وبارك على عبده ورسوله نبينا محمد وعلى آله وأصحابه
أجمعين الحمد لله رب العالمين